

# QUESTION BANK

# കുടുംബങ്ങൾക്കൊരു ചാവരുൾ

1. ഒരു നല്ല ക്രിസ്ത്യാനികുടുംബം സ്വർഗ്ഗരാജ്യത്തിന് സദൃശ്യമത്രെ. രക്തത്താലും സ്നേഹത്താലും ബന്ധപ്പെട്ടവർ, കാരണവന്മാരോടും, തമ്മിൽതമ്മിലും, അനുസരണത്തോടും ആദരവോടെയും പരസ്പരഐക്യത്തിലും വർത്തിക്കണം. ഓരോ വ്യക്തിയും തന്റെ ജീവിതാന്തസ്സിനോട് നീതിപുലർത്തണം. എല്ലാ പ്രവർത്തന രംഗങ്ങളിലും ആത്യന്തികമായി നിത്യരക്ഷയെ ലക്ഷ്യം വച്ച് ജീവിക്കണം.

2. നല്ല വളർത്തലിനും സംരക്ഷണത്തിനുമായി നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ദൈവ നിക്ഷേപങ്ങളാണ് നിങ്ങളുടെ മക്കൾ. തന്റെ തിരുരക്തത്താൽ വിശുദ്ധീകരിക്കുന്നതിനും, ശുശ്രൂഷികളാക്കുന്നതിനും, വിധി ദിവസത്തിൽ തിരിച്ചേല്പിക്കുന്നതിനുമായി,ഈശോമിശിഹാ നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാക്കളാണ് അവർ.

3. കുടുബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധം അടിയുറച്ചതായിരിക്കണം. എങ്കിൽ അനുഭവവേദ്യമാകുന്ന സ്നേഹവും, ശാന്തിയും, സൗഹൃദവും വഴി, ഈ ലോക ജീവിതത്തിൽ നേരിടേണ്ടതായി വരുന്ന ദുഃഖങ്ങളേയും പ്രതിസന്ധികളേയും അതി ജീവിക്കുവാൻ നിങ്ങൾക്കു കഴിയും.

4. കുടുംബാന്തരീക്ഷത്തിൽ നല്ല ക്രമവും സമാധാനവും നിത്യ രക്ഷയെക്കുറിച്ചുള്ള ചിന്തയും നിലനിൽക്കണം. ഈ ചിന്തയുടെ അഭാവം മൂലം, നല്ലസാമ്പത്തിക സ്ഥിതിയിലായിരുന്നിട്ടു പോലും പല കുടുംബങ്ങളും ക്ഷയിച്ചുപോയിട്ടു്.

5. ഓരോ കുടുംബത്തിലും അംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ അടിസ്ഥാനം സ്നേഹമായിരിക്കണം.രക്തബന്ധത്തിൽ നിന്ന് ഉരുത്തിരിയുന്ന ഈ സ്നേഹ മാണ് അന്യോന്യം അംഗീകരിക്കുവാനും പരസ്പരം തെറ്റുകൾ ക്ഷമിക്കുവാനും നിങ്ങൾക്ക് പ്രചോദനമരുളേണ്ടത്. തറവാടുകൾ തമ്മിൽ ഒരിക്കലും തർക്കങ്ങൾക്കും വഴക്കുകൾക്കും പോകരുത്.

6. നിങ്ങളുടെ കുഞ്ഞുമക്കളെ വിനയത്തിലും ആത്മനിയന്ത്രണത്തിലും വളർത്തണം. ശരീരസൗന്ദര്യത്തിന്റെ അമിതമായ പ്രകടനവും, അടക്കമൊതുക്കമില്ലാത്ത വസ്ത്രധാരണവും ആപത്തിലേയ്ക്ക് നയിക്കും.

7. മൂല്യങ്ങളും പ്രചോദനങ്ങളുമടങ്ങിയ നല്ല പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കുവാൻ നല്കണം. അവർ ചീത്തപുസ്തകങ്ങൾ വായിക്കുന്നുണ്ടോ എന്ന് അന്വേഷിക്കണം. ചീത്ത പുസ്തകങ്ങൾ കൈവശം വയ്ക്കുന്നത് വൈയ്ക്കോലിൽ തീ സൂക്ഷിക്കുന്നതിനു തുല്യമത്രേ.

8. മക്കളുടെ നല്ല വളർത്തലിൽ നിങ്ങൾക്കു ശ്രദ്ധയുണ്ടായിരിക്കണം.അവരെ ദൈവ സന്നിധിയിൽ അനുദിനം ഓർത്തു പ്രാർത്ഥിക്കണം.

9. മക്കളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ നല്ല ശ്രദ്ധവയ്ക്കണം. അവരുടെ കൂട്ടുകെട്ടുകൾ തെറ്റായ വഴിക്ക് തിരിയുന്നുണ്ടോ എന്നും കൂടെക്കൂടെ അന്വേഷിക്കണം.

10. മക്കളെ കുറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ മാതാപിതാക്കൾ വളരെ വിവേകവും മിതത്വവും കാണിക്കണം.

11. ചെറുപ്പത്തിൽ തന്നെ മക്കളെ പ്രാർത്ഥിപ്പിക്കുവാൻ പഠിപ്പിക്കണം. അടിയുറച്ച ദൈവവിശ്വാസത്തോടെ അവർ വളർന്നു വരട്ടെ.

12. നിങ്ങളുടെ ദിനചര്യയിൽ നല്ല നിഷ്ഠയും ക്രമവും ഉണ്ടായിരിക്കണം. അത് കുത്തഴിഞ്ഞ ഒരു പുസ്തകം പോലെ ആകരുത്.



# വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ്പിതാവ്

## QUESTION BANK

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്

**QUESTION BANK**.


| | | |
|---|---|---|
| First printed | : | 01 - 04 - 2011 |
| Published by | : | Fr. Vice Postulator,<br>Cause of Blessed Kuriakose Elias Chavara |
| DTP & Lay Out | : | St.Joseph's Press, Mannanam |
| Printed at | : | St.Joseph's Press, Mannanam |

# വാഴ്ത്തപ്പെട്ട ചാവറപിതാവ്

## ഒരു ആമുഖം

ആലപ്പുഴ ജില്ലയിൽ കൈനകരി എന്ന ചെറിയതുരുത്തിലാണ് ചാവറയച്ചൻ ജനിച്ചത്. പടിഞ്ഞാറെചാവറ എന്ന പുരാതന കുടുംബത്തിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും ഇളയപുത്രനായിരുന്നു ചാവറയച്ചൻ. 1805 ഫെബ്രുവരി 10 നാണ് ചാവറയച്ചൻ ജനിച്ചത്. കുര്യാക്കോസ് എന്നായിരുന്നു പേര്. അന്നത്തെ രീതിയനുസരിച്ച് 8-ാം ദിവസം കുഞ്ഞിന് മാമ്മോദീസാ നൽകി. കൈനകരിയിൽ അന്ന് പള്ളിയില്ലാതിരുന്നതിനാൽ ചേന്നങ്കരി പള്ളിയിലാണ് മാമ്മോദീസാ മുക്കിയത്. പരിശുദ്ധമാതാവിനോട് അതീവഭക്തിയുണ്ടായിരുന്ന അമ്മ കുര്യാക്കോസിനെ വളരെ ചെറുപ്പത്തിൽതന്നെ, പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള വെച്ചൂർപള്ളിയിൽ മാതാവിന്റെ അമലോത്ഭവതിരുനാളായ ഡിസംബർ 8 ന് മാതാവിന് അടിമ സമർപ്പിച്ചു. അന്നുമുതൽ പരി. മാതാവിന്റെ മകനായി വളർത്തി.

### വിദ്യാഭ്യാസം

അക്ഷരാഭ്യാസത്തിന് സാധ്യതകൾ കുറവായിരുന്ന അക്കാലത്ത് ഒരു നിലത്തെഴുത്ത് കളരിയിൽ അയച്ചു. അന്ന് അഞ്ച് വയസ്സായിരുന്നു കുര്യാക്കോസിന്റെ പ്രായം. 5 വർഷം കൊണ്ട് കളരിയിൽ നിന്നും മലയാളം, തമിഴ്, സംസ്കൃതം തുടങ്ങിയ ഭാഷകൾ എഴുതാനും വായിക്കാനും പഠിച്ചു.

### ബാല്യകാലം

കുര്യാക്കോസ് ചേന്നങ്കരി ഇടവകപള്ളിയിൽ ദിവസവും കുർബാനയിൽ സംബന്ധിക്കുകയും വൈദികനെ സഹായിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് കുർബാനയിൽ സഹായി ആകണമെങ്കിൽ വളരെയധികം സുറിയാനി ജപങ്ങൾ മനഃപ്പാഠമാക്കേണ്ടിയിരുന്നു. കുർബാനയിൽ ശുശ്രൂഷിക്കാനുള്ള താല്പര്യംകൊണ്ട് വളരെ ചെറുപ്രായത്തിൽ തന്നെ ഇവയെല്ലാം കാണാപ്പാഠം പഠിച്ച് കുര്യാക്കോസ് കുർബാനയിൽ സഹായിച്ചിരുന്നു.

## സെമിനാരി ജീവിതം

കുര്യാക്കോസിന് 11 വയസ്സ് പ്രായമുള്ളപ്പോൾ പാലയ്ക്കൽ തോമാ മല്പാൻ കുര്യാക്കോസിന്റെ വീട്ടിൽ വന്നു. കുര്യാക്കോസിൽ വിളങ്ങിയിരുന്ന ദൈവികഗുണങ്ങളെ മനസ്സിലാക്കിയ പാലയ്ക്കലച്ചൻ മാതാപിതാക്കളുടെ അനുവാദത്തോടെ സെമിനാരിയിലേക്ക് കൊണ്ടുപോയി. ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി ഇടവകകളിൽ താമസിച്ചായിരുന്നു പ്രാഥമിക പഠനം. അങ്ങനെ ചേന്നങ്കരിപള്ളി മേടയിൽ താമസിച്ചുകൊണ്ട് വി. ഗ്രന്ഥം, ദൈവശാസ്ത്രം എന്നിവയും സുറിയാനി ഭാഷയുടെ ആദ്യപാഠങ്ങളും വികാരിയച്ചനിൽ നിന്ന് ഹൃദിസ്ഥമാക്കി. ചേന്നങ്കരി പള്ളിയിലെ ഒരു വർഷത്തെ പരിശീലനത്തിനുശേഷം കുര്യാക്കോസ് പള്ളിപ്പുറം സെമിനാരിയിലെത്തി. കുര്യാക്കോസ് ശെമ്മാശന്റെ സെമിനാരിജീവിതകാലത്ത് അദ്ദേഹത്തെ ഏറെ വേദനിപ്പിച്ച ഒരു സംഭവം ഉണ്ടായി. കുട്ടനാട്ടിൽ പകർച്ചവ്യാധിയുണ്ടായി കുര്യാക്കോസിന്റെ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. പകർച്ചവ്യാധി മറ്റ് ദേശങ്ങളിലേക്ക് പടർന്ന് പിടിക്കാതിരിക്കുന്നതിനായി, ആ ദേശത്തേക്ക് ആരും പോകുകയോ അവിടെനിന്ന് ആരും മറ്റ് ദേശങ്ങളിലേക്ക് കടക്കുകയോ ചെയ്യരുതെന്ന് ഗവൺമെന്റ് കർശനവിലക്ക് കല്പിച്ചു. അതിനാൽ കുര്യാക്കോസിന് സ്വന്തം മാതാപിതാക്കളെ അവസാനമായി ഒന്നുകാണുന്നതിനോ, അവരുടെ മരണ വാർത്ത യഥാസമയം അറിയുന്നതിന് പോലുമോ സാധിച്ചില്ല. മകന്റെ മുഖം അവസാനമായി ഒന്നുകാണണമെന്ന ആഗ്രഹം പൂർത്തീകരിക്കാതെ പ്രിയപ്പെട്ടവർ നിത്യനിദ്രയിലേക്ക് ആഴ്ന്ന വിവരം വളരെ വൈകിയാണ് കുര്യാക്കോസ് ശെമ്മാശൻ അറിഞ്ഞത്. ദൈപരിപാലനയിൽ ആശ്രയിച്ച് വസ്തുവകയും ഭവനവും അവശേഷിച്ച പെങ്ങളെ ഏല്പിച്ചശേഷം കുര്യാക്കോസ് ശെമ്മാശൻ സെമിനാരിയിലേക്ക് മടങ്ങി.

ഒരു നല്ല പുരോഹിതനാകാൻ കുര്യാക്കോസ് ഏറെ ആഗ്രഹിച്ചു. അതിനായി പാലയ്ക്കലച്ചനെ തന്റെ ആദ്ധ്യാത്മിക ഗുരുവായി തെരെഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ആദ്ധ്യാത്മികജീവിതം നയിക്കുകയും ചെയ്തു. എല്ലാ വിധത്തിലും തന്റെ ശിഷ്യനെ ആത്മീയ സമ്പന്നനാക്കാൻ ശ്രമിച്ച പാലയ്ക്കലച്ചൻ, ആത്മീയ ഗ്രന്ഥങ്ങൾ കിട്ടാവുന്നിടത്തുനിന്നെല്ലാം വരുത്തി കുര്യാക്കോസിന് വായിക്കാൻ കൊടുത്തിരുന്നു. അദ്ദേഹം 1827 ൽ 5 – ാം പട്ടവും, 1828 ൽ 6 – ാം പട്ടവും സ്വീകരിച്ചു. പാലയ്ക്കൽ മല്പാനച്ചന്റെ സഹായി ആയിട്ട് പ്രവർത്തിച്ചു. മല്പാനച്ചൻ സ്ഥലത്തില്ലാത്തപ്പോഴും, മല്പാ

നച്ചന് സുഖമില്ലാത്തപ്പോഴും കുര്യാക്കോസ് ശെമ്മാശൻ തന്നെയാണ് വൈദികാർത്ഥികളുടെ പഠനകാര്യങ്ങളും മറ്റ് സെമിനാരി കാര്യങ്ങളും നിർവ്വഹിച്ചിരുന്നത്. വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ കുര്യാക്കോസ് ശെമ്മാശൻ 24 -ാമത്തെ വയസ്സിൽ 1829 നവംബർ 29 ന് അർത്തുങ്കൽ വി. അന്ത്രയോസിന്റെ ദേവാലയത്തിൽ വച്ച് മൗറേലിയൂസ് സ്തബലീനി മെത്രാനിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

## കേരളത്തിലെ ആദ്യ സന്യാസാശ്രമം

സർവ്വവും പരിത്യജിച്ച ഒരു വൈദികനാകുവാൻ ആഗ്രഹിച്ച ചാവറയച്ചനും , പാലയ്ക്കൽ മല്പാനച്ചനും പോരൂക്കര മല്പാനച്ചനും ഒരുമിച്ചുചേർന്നു. പിന്നീട് കണിയാന്തറ യാക്കോബും ഇവരുടെ കൂടെ ചേർന്നു. അർത്തുങ്കൽ പള്ളിയിൽ വച്ച് മൗറേലിയൂസ് മെത്രാനെക്കണ്ട് സന്യാസഭവനം സ്ഥാപിക്കുവാൻ അനുവാദം വാങ്ങുന്നതിനായി ചെന്നപ്പോൾ നിങ്ങൾ ഒന്നുരണ്ടുപേരുള്ളത് മിണ്ടടക്കമായി എവിടെയെങ്കിലും ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരുണ്ട്. അങ്ങനെ നിങ്ങൾക്ക് മനസ്സാകുന്നുവെങ്കിൽ ഒരു കൊവേന്ത വയ്പിൻ . മെത്രാനച്ചന്റെ ഈ അഭിപ്രായം കേട്ടപ്പോൾ അത് തങ്ങളെക്കൊണ്ട് കഴിയുമോ എന്ന് അച്ചന്മാർ സംശയം പ്രകടിപ്പിച്ചു. മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട് എന്ന് മെത്രാനച്ചൻ മറുപടിയും നൽകി. അങ്ങനെ ആശ്രമസ്ഥാപനത്തിന് അനുയോജ്യമായ സ്ഥലം അന്വേഷിക്കുവാൻ തുടങ്ങി. പല സ്ഥലങ്ങളും അന്വേഷിച്ചു നടന്നെങ്കിലും അവസാനം മാന്നാനം കുന്നിലെത്തി. സന്യാസാശ്രമത്തിനായി തെരെഞ്ഞെടുക്കപ്പെട്ട ആ കുന്നിനെ ഉയരത്തിലെ വീട് എന്ന അർത്ഥത്തിൽ ബേസ്റൗമാ എന്നാണ് ആദ്യപിതാക്കന്മാർ പേര് നൽകിയത്.

## ബേസ്റൗമാ - ഉയരത്തിലെ വീട്

ബേസ്റൗമയിൽ കുരിശുനാട്ടി അതിനുചുറ്റുമായി ഒരു പന്തൽ കെട്ടി പ്രാർത്ഥനകൾ ആരംഭിച്ചപ്പോൾ ജനങ്ങളും ഇവരോടൊപ്പം പ്രാർത്ഥിക്കാനെത്തി. പുതിയൊരു പുണ്യസങ്കേതം കണ്ടെത്തിയതിന്റെ ആനന്ദത്തിലായിരുന്നു ജനങ്ങൾ. ഇതോടെ കുന്നിൻ മുകളിൽ ഒരു കപ്പേള പണിയണമെന്ന ആഗ്രഹം ഉദിച്ചു. പായ കൊണ്ട് മറച്ച് അവർ ഒരു കപ്പേള ഉണ്ടാക്കി. അതിൽ കുർബാന ചൊല്ലാൻ മെത്രാൻ അനുവദിച്ചില്ല. മെത്രാനച്ചനിൽ നിന്ന് അനുവാദം വാങ്ങി കപ്പേളയ്ക്ക് കല്ലിടുകയും പണികൾ ആരംഭിക്കുകയും ചെയ്തു. ഇന്നത്തെ ജൂബിലി

കപ്പേളയുടെ സ്ഥാനത്ത് കല്ലുകൊണ്ടുള്ള കപ്പേള പണികഴിപ്പിച്ച് മല മുകളിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചു. ഇതിനിടയിൽ 1831 മെയ് 11 ന് ബേസ്റൗമയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ആശ്രമത്തിനും പള്ളിയ്ക്കുമുള്ള ശിലാസ്ഥാപന കർമ്മം നടന്നു. 1831 ൽ തന്നെ ആശ്രമത്തിന്റെ പണി രണ്ടുനിലകളിൽ പൂർത്തിയാക്കി ചാവറയച്ചൻ താമസം ആരംഭിച്ചു. പള്ളിയുടെ പണികൾക്കായി ഏറെ കഷ്ടപ്പെട്ട് ധർമ്മം സ്വീകരിച്ച് 1835 ൽ പൂർത്തിയാക്കി. ഇവ രണ്ടും പുണ്യസങ്കേതങ്ങളായി നിലനില്ക്കുന്നു.

## സന്യാസാശ്രമം - നവോത്ഥാനത്തിന്റെ ആദ്യചുവടുവെയ്പ്

സമൂഹത്തിന്റെയും സഭയുടെയും വളർച്ചയ്ക്കായി ചാവറയച്ചൻ പാലയ്ക്കലച്ചനോടും പോരൂക്കരയച്ചനോടുമൊപ്പം ചേർന്ന് കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന സന്യാസ സഭയ്ക്ക് രൂപം നൽകി. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ. രൂപം കൊണ്ടത് 1831 മെയ് 11 ന് ആയിരുന്നു. 1855 ൽ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം കിട്ടുന്നതിന് മുമ്പു തന്നെ വ്യക്തമായ നിയമങ്ങളോടും തപശ്ചര്യകളോടും കൂടെ ജീവിതം പൊതുജനനന്മയ്ക്കായി സമർപ്പിച്ച ഒരു സംഘം വൈദികർ മാന്നാനത്ത് താമസം ആരംഭിച്ചിരുന്നു. ഇവർ 1855 ൽ അമലോത്ഭവമാതാവിന്റെ ജനനതിരുനാളിലാണ് വ്രതവാഗ്ദാനം നടത്തിയത്. മാന്നാനത്തിനുശേഷം കൂനമ്മാവ്, ഏൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന് എന്നിവിടങ്ങളിൽ പുതിയ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു.

## പ്രഥമസെമിനാരി മാന്നാനത്ത്

1832 മുതൽ തന്നെ മാന്നാനത്തെ വൈദികസമൂഹം പ്രാർത്ഥനാനിർഭരമായ ഒരു ജീവിതം നയിച്ചിരുന്നു. മാന്നാനത്തെ സമൂഹത്തെക്കുറിച്ചുള്ള അറിവ് നാടെങ്ങും പരന്നു. ഈ സമൂഹത്തിൽ ചേരുവാൻ തയ്യാറായി പലരും മുന്നോട്ട് വന്നു. ഇങ്ങനെ വന്നവരുടെ പഠനത്തിനും പരിശീലനത്തിനുമായി 1833 ൽ ഒരു സെമിനാരി മാന്നാനത്ത് ആരംഭിച്ചു. മാന്നാനത്തെ സെമിനാരിയുടെ ആരംഭം രണ്ട് വിദ്യാർത്ഥികളെ സ്വീകരിച്ചുകൊണ്ടായിരുന്നു. മാന്നാനത്തെ സെമിനാരി അഭിവൃ

ദ്ധിപ്പെട്ടുവന്നപ്പോൾ ഇതിന്റെ ഒരു ശാഖ എന്ന നിലയിൽ പള്ളിപ്പുറത്തും പുത്തൻപള്ളിയിലും പ്രവർത്തിച്ചിരുന്നു. പാലയ്ക്കലച്ചന് സുഖമില്ലാതായതിനാൽ ചാവറയച്ചൻ തന്നെയാണ് പള്ളിപ്പുറത്തെ സെമിനാരിയുടെയും കാര്യങ്ങൾ നോക്കിയിരുന്നത്. പോരൂക്കരയച്ചൻ ആശ്രമപ്പണികൾക്കായുള്ള പണപ്പിരിവിനായി യാത്രയിലായിരുന്നു. രോഗശയ്യയിലായിരുന്ന പാലയ്ക്കലച്ചൻ 1841 ജനുവരി 16 ന് അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ച് ദിവംഗതനായി. മാന്നാനത്തെ സെമിനാരിപ്രവർത്തനങ്ങളിൽ തൃപ്തനായ ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്ത 1844 ൽ ചാവറയച്ചനെയും പോരൂക്കരയച്ചനെയും മല്പാന്മാരായി നിയമിച്ചു. ചാവറയച്ചനുലഭിച്ച പസ്തേന്തി ഇന്നും മാന്നാനത്ത് പൂജ്യമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കേരള ക്രൈസ്തവസഭയുടെ വിപുലമായ ആവശ്യത്തിന് മാന്നാനത്തെ സെമിനാരി അപര്യാപ്തമാകയാൽ പിന്നീട് വാഴക്കുളം, ഏൽത്തുരുത്ത്, പുളിങ്കുന്ന് എന്നിവിടങ്ങളിലും സെമിനാരികൾ സ്ഥാപിച്ചു.

## അച്ചടിശാല

വാമൊഴിയായി കിട്ടുന്ന അറിവുകൾനഷ്ടപ്പെടാതെ ശേഖരിച്ചുവെയ്ക്കണമെന്ന ചാവറയച്ചന്റെ ആഗ്രഹം ഇദ്ദേഹത്തിന്റെ ദീർഘവീക്ഷണമായിരുന്നു. ഒരു അച്ചടിയന്ത്രം സ്ഥാപിക്കണമെന്ന ചാവറയച്ചന്റെ ആഗ്രഹത്തെ പലരും കളിയാക്കി. ഇന്നുവരെ അച്ചടിയന്ത്രം കണ്ടിട്ടുപോലുമില്ലാത്ത അച്ചനെങ്ങനെയാണ് അച്ചടിയന്ത്രം നിർമ്മിക്കുന്നത്. പലരും ചോദിച്ചു. ചാവറയച്ചൻ പിന്തിരിഞ്ഞില്ല. അന്ന് തിരുവിതാംകൂറിൽ രണ്ട് പ്രസ്സുകളാണ് ഉണ്ടായിരുന്നത്. കോട്ടയത്തെ സി. എം. എസ് പ്രസ്സും തിരുവനന്തപുരത്തെ ഗവ. പ്രസ്സും. കോട്ടയത്തെ പ്രസ്സുകാണാനായി ചാവറയച്ചൻ ചെന്നെങ്കിലും അവർ കാണിക്കാൻ തയ്യാറായില്ല. ഉദ്യമത്തിൽ നിന്ന് പിന്തിരിയാതെ ചാവറയച്ചൻ തിരുവനന്തപുരത്തെത്തി പരിചയക്കാരായ പണിക്കാരുടെ സഹായത്തോടെ പ്രസ്സിന്റെ പ്രവർത്തനങ്ങൾ നോക്കി മനസ്സിലാക്കി. തിരിച്ച് മാന്നാനത്ത് എത്തിയ അദ്ദേഹം വാഴപ്പിണ്ടിയിൽ പ്രസ്സിന്റെ മാതൃകയുണ്ടാക്കി ആശാരിയെക്കാണിച്ച് മരത്തിൽ ഒരു പ്രസ്സ് നിർമ്മിച്ചു. അക്ഷരങ്ങൾ വാർത്തെടുത്തു. പ്രതിസന്ധികൾ തരണം ചെയ്ത് യൂറോപ്പിൽ നിന്ന് മഷിയും കടലാസ്സും വരുത്തി അച്ചടി ആരംഭിച്ചു. ചാവറയച്ചൻ എഴുതിയ ജ്ഞാനപീയൂഷം, മരണവീട്ടിൽ പാടുന്നതിനുള്ളപാന, ആത്മാനുതാപം

എന്നിവ അച്ചടിച്ചു. കേരളത്തിലെ പ്രഥമ ദിനപ്പത്രമായ ദീപിക നസ്രാണി ദീപിക എന്ന പേരിൽ പുറത്തിറങ്ങിയത് ചാവറയച്ചൻ ആരംഭിച്ച ഈ മരപ്രസ്സിൽ നിന്നാണ്.

## അറിവിന്റെ ലോകത്തിലേക്ക്

ചാവറയച്ചൻ വിദ്യയുടെ ലോകത്തേക്ക് എല്ലാവരെയും കൈപിടിച്ചു നടത്തുവാനായി വിദ്യാലയങ്ങൾ ആരംഭിച്ചു. 1846 ൽ മാന്നാനത്ത് ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചുകൊണ്ട് ചാവറയച്ചൻ ഇതിന് തുടക്കം കുറിച്ചു. 1599 ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ വിദ്യാഭ്യാസ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന പാശ്ചാത്യമിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനം ഉൽക്കൊണ്ട ചാവറപിതാവ് സ്വന്തസമുദായത്തിന്റെയും സഭയുടെയും നവീകരണത്തിനും പുരോഗതിക്കും വിദ്യാഭ്യാസപ്രവർത്തനം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയിരുന്നു. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിനോട് സഭയിൽ തന്നെ എതിർപ്പുകൾ ഉണ്ടായിരുന്നു. കാരണം ഇംഗ്ളീഷ് പഠിച്ചാൽ പ്രൊട്ടസ്റ്റന്റ് സിദ്ധാന്തങ്ങൾ കത്തോലിക്കരുടെ ഇടയിൽ പ്രചരിക്കുമെന്നും ക്രമേണ കത്തോലിക്കർ സഭയിൽ നിന്ന് അകലുമെന്നും സഭാധികാരികൾ ഭയന്നിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും അതീവപാണ്ഡിത്യമുണ്ടായിരുന്ന ചാവറപിതാവ് സംസ്കൃതപാഠശാലയ്ക്കാണ് തുടക്കം കുറിച്ചത്. സമൂഹത്തിൽ താഴേക്കിടയിൽ നിന്ന ദളിതർക്കുപോലും ചാവറപിതാവ് സ്ഥാപിച്ച വിദ്യാലയത്തിൽ പ്രവേശനം ലഭിച്ചിരുന്നു. വിദ്യയോടൊപ്പം ഭക്ഷണവും വസ്ത്രവും നൽകി ചാവറപിതാവ് വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടർന്നു.

## സംസ്കൃതകളരി

മാന്നാനത്ത് ചാവറയച്ചൻ ആരംഭമിട്ട സംസ്കൃതകളരി സി.എം.ഐ. സഭയുടെ ആദ്യ വിദ്യാഭ്യാസസ്ഥാപനമായിരുന്നു. തൃശ്ശൂർ നിന്നും ഒരു വാര്യരെ വരുത്തിയാണ് ഇവിടെ അദ്ധ്യയനം നടത്തിയിരുന്നത്. കേരള ക്രൈസ്തവ സമൂഹം ഇന്ന് കൈവരിച്ചിരിക്കുന്ന വിദ്യാഭ്യാസ പുരോഗതിക്കടിസ്ഥാനം ചാവറയച്ചന്റെ ദീർഘവീക്ഷണത്തോടെയുള്ള

പ്രവർത്തനങ്ങളായിരുന്നു. കുട്ടികൾക്കായി സ്കൂളിൽ ഉച്ചഭക്ഷണം ആരംഭിക്കുകയും ചെയ്തു. വീടുകളിൽ നിന്നും പിടിയരി പിരിവ് നടത്തിയാണ് ഇതിനുള്ള വക ചാവറയച്ചൻ കണ്ടെത്തിയിരുന്നത്.

മാന്നാനത്ത് സംസ്കൃതകളരി തുടങ്ങിയ ചാവറയച്ചൻ ആർപ്പൂക്കരയിലും വില്ലൂന്നിയിലുമായി രണ്ട് എൽ. പി. സ്കൂളുകൾ കൂടി ആരംഭിച്ചു. വിദ്യാഭ്യാസമെന്നത് സവർണ്ണരുടെയും സമ്പന്നരുടെയും മാത്രം അവകാശവും ആനുകൂല്യവുമായി കരുതപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ സാധാരണക്കാരും അവഗണിക്കപ്പെട്ടവരുമായവരുടെ ഇടയിലേക്ക് വിദ്യയുടെ കൈത്തിരിയുമായി കടന്നുവന്നത് വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. സമൂഹത്തിലെ താഴേക്കിടയിലുള്ളവരെ പുനരുദ്ധരിക്കുവാൻ വേണ്ടിയായിരുന്നു ചാവറയച്ചന്റെ ഈ ശ്രമങ്ങളെല്ലാം.

## പള്ളികളോടൊപ്പം പള്ളിക്കൂടം

ചാവറയച്ചൻ വികാരി ജനറാളായിരുന്ന കാലത്ത് 1864 ൽ എല്ലാ പള്ളികളോടുമൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നും അല്ലാത്ത പക്ഷം അംശമുടക്ക് കല്പിക്കുമെന്നുമുള്ള നിർബന്ധ കല്പന പുറപ്പെടുവിക്കുകയുണ്ടായി. പള്ളിവികാരിമാർ ഇതിനെ ഗൗരവത്തിലെടുക്കുകയും ഓരോ പള്ളികളോടുമൊപ്പം സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു.

വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയഭക്ഷണമാകണം എന്ന് ചാവറയച്ചൻ ചാവരുളിലൂടെ പഠിപ്പിക്കുന്നു. അദ്ദേഹം 5 വയസ്സ് പ്രായമുള്ളപ്പോൾ തുടങ്ങിയ വിദ്യാഭ്യാസം മരണം വരെ തുടർന്നിരുന്നു. ചാവറയച്ചൻ ജീവിതത്തിന്റെ അവസാനവർഷങ്ങളിൽ കൂനമ്മാവിലായിരുന്ന സമയത്ത് ഇറ്റാലിയൻഭാഷ പഠിച്ചിരുന്നു. ശാരീരികവൈഷമ്യങ്ങൾ ഏറെയുണ്ടായിരുന്നെങ്കിലും അതൊക്കെ അവഗണിച്ചുകൊണ്ടായിരുന്നു പഠനം. പ്രായത്തെ വകവെയ്ക്കാതെയുള്ള ഈ പഠനം നേത്രരോഗത്തിനും ഇടയാക്കി. പ്രായമോ, സമയമോ ഒന്നും വിദ്യാസമ്പാദനത്തിന് തടസ്സമല്ലെന്ന് ചാവറയച്ചൻ കാണിച്ചുതരുന്നു.

2

## മലയാളഭാഷയെ സമ്പന്നമാക്കാൻ

ഉയർന്ന സമുദായങ്ങളിൽപെട്ടവർക്കും സംസ്കൃതം മുതലായ വേദഭാഷകളിൽ പാണ്ഡിത്യം ഉള്ളവർക്കും മാത്രമായിരുന്നു ചാവറ പിതാവിന്റെ കാലത്ത് പുണ്യഗ്രന്ഥങ്ങൾ വായിച്ച് അറിയുവാൻ സാധിച്ചിരുന്നത്. പ്രാർത്ഥനാഗ്രന്ഥങ്ങൾ മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്ത് അച്ചടിക്കാൻ അച്ചുകൂടവും സ്ഥാപിച്ച് വാഴ്ത്തപ്പെട്ട ചാവറ പിതാവ് സാധാരണക്കാരനെ സഹായിച്ചു. കന്യാകാലയം സ്ഥാപിച്ച് സ്ത്രീകളുടെ ഉന്നമനത്തിനായി യത്നിച്ചപ്പോഴും സ്ത്രീജനങ്ങൾക്ക് പുണ്യജീവിതം നടത്തുന്നതിനാവശ്യമായ ഗ്രന്ഥങ്ങൾ തമിഴ് മുതലായ ഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്തു.

## സമൂഹത്തിന്റെ വളർച്ച

സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗം മാത്രം അഭിവൃദ്ധിപ്പെട്ടതുകൊണ്ടുമാത്രം പൊതു നന്മ ഉണ്ടാവുകയില്ല പ്രത്യുത എല്ലാവിഭാഗം ജനങ്ങളും അറിവ് നേടി അഭിവൃദ്ധിപ്പെടേണ്ടതിലേക്കായി ചാവറ പിതാവ് യത്നിച്ചു. വിദ്യാഭ്യാസരംഗത്തും പൊതുരംഗത്തും സാധുജനസംരക്ഷണകാര്യത്തിലും ചാവറയച്ചൻ വളരെ ശ്രദ്ധിച്ചു.

## സ്ത്രീകൾക്കായൊരു കന്യകാലയം

പുരുഷന്മാർക്കായി സന്യാസസഭ ആരംഭിച്ച ചാവറയച്ചൻ സ്ത്രീകൾക്കായും സന്യാസസഭ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചു. വിവാഹജീവിതം ആഗ്രഹിക്കാത്ത വാകയിൽ അന്നയും അന്നയുടെ വിധവയായ അമ്മയും അവരുടെ ബന്ധുവായ മറ്റൊരു സ്ത്രീയും പുത്തനങ്ങാടി ക്ലാര എന്ന സ്ത്രീയുമടക്കം 4 പേരുമായി ആദ്യ കന്യകാലയം ഒരു പനമ്പുഷെഡിൽ 1866 ൽ കൂനമ്മാവിൽ ആരംഭിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസം, അവരുടെ തൊഴിൽ പരിശീലനം എന്നിവയിലെല്ലാം ചാവറയച്ചൻ ശ്രദ്ധ ചെലുത്തി. ഈ സമൂഹത്തിന്റെ പേര് കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ (സി.എം.സി.).

## ഉപവിശാല

ഇൻഡ്യയിൽ അഗതി മന്ദിരങ്ങൾ ഇല്ലാതിരുന്ന കാലത്ത് ചാവറയച്ചൻ പാവപ്പെട്ടവരെയും വൃദ്ധജനങ്ങളെയും രോഗികളെയും ഉപേക്ഷി

ക്കപ്പെട്ടവരേയും സംരക്ഷിക്കുന്നതിനായി ഒരു അഗതി മന്ദിരം കൈന കരിയിൽ 1869 ൽ സ്ഥാപിച്ചു. അനാഥരെയും രോഗികളെയും അംഗ വൈകല്യമുള്ളവരെയും ശുശ്രൂഷിക്കുമ്പോൾ കർത്താവിനെത്തന്നെ യാണ് പരിചരിക്കുന്നതെന്നുള്ള ഉത്തമബോധ്യമാണ് ഇങ്ങനെയൊരു കാര്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പിൻതലമുറയ്ക്ക് അനുകര ണാർഹമായ ഒരു ശുശ്രൂഷാരംഗത്തിന് അങ്ങനെ ആരംഭം കുറിച്ചു.

## ഇടവകജനങ്ങളുടെയും ഇടവകവൈദികരുടെയും ധ്യാനം

കർമ്മനിരതമായ ജീവിതത്തിന്റെ തിരക്കിനിടയിലും ചാവറയച്ചൻ ജനങ്ങളുടെയും വൈദികരുടെയും ആദ്ധ്യാത്മികകാര്യങ്ങളിൽ ശ്രദ്ധാ ലുവായിരുന്നു. 1861 ൽ വികാരി ജനറാളായിരിക്കുമ്പോൾ ചാവറയ ച്ചൻ ഏർപ്പെടുത്തിയ ആത്മീയ നവീകരണമായിരുന്നു ഇടവകവൈദി കരുടെ വാർഷിക ധ്യാനം. അക്കാലത്ത് മാന്നാനത്തും ഏൽത്തുരുത്തി ലുമായി ധ്യാനപരിപാടികൾആരംഭിച്ചു. വികാരിജനറാളായിരിക്കു മ്പോൾ തന്നെ ഇടവകജനങ്ങളുടെയും വാർഷികധ്യാനം ചാവറയച്ചൻ നിർബന്ധമാക്കി. ധ്യാനങ്ങൾക്കുശേഷം ഭവനസന്ദർശനം നടത്തിയി രുന്ന വൈദികർ കുടുംബപ്രശ്നങ്ങളും സാമൂഹികപ്രശ്നങ്ങളും പറഞ്ഞുതീർക്കുന്നതിനും ശ്രമിച്ചിരുന്നു. ഞായറാഴ്ച കുർബാനയോട് ചേർന്നുള്ള പ്രസംഗം നിർബന്ധമാക്കിയതും ചാവറയച്ചനാണ്.

## വിശുദ്ധ കുർബാനയോടുള്ളഭക്തി

പ്രതിസന്ധികളിൽ ദൈവമാണെന്റെ ഓഹരിയെന്ന് ഉറച്ച് വീണ്ടും സെമിനാരിയിലേക്ക് പുറപ്പെട്ട കൊച്ചുബാലനെ ദൈവത്തിലുറപ്പിച്ച് നിറുത്തിയത് പരിശുദ്ധ കുർബാനയാണ്. ദിവ്യകാരുണ്യനാഥന്റെ മുൻപിൽ അഭയം തേടിയ ചാവറയച്ചന് ഏത് പ്രതിസന്ധികളെയും തരണം ചെയ്യാൻ സാധിക്കുമായിരുന്നു. തന്റെ സഹജീവികളെ തന്നെ പ്പോലെതന്നെ കരുതുകയും അവരുടെ തെറ്റുകുറ്റങ്ങളെ ക്ഷമിക്കുകയും ചെയ്തിരുന്നു. ദിവ്യകാരുണ്യ ഭക്തി തന്നെയാണ് ചാവറയച്ചനെ കേര ളത്തിൽ ആദ്യമായി 40 മണി ആരാധന തുടങ്ങാൻ പ്രേരിപ്പിച്ചത്. 1866 ൽ കൂനമ്മാവിലായിരുന്നു അത് ആദ്യം ആരംഭിച്ചത്. തുടർന്ന് മാന്നാനത്തും, വാഴക്കുളത്തും, അമ്പഴക്കാട്ടും, ഏൽത്തുരുത്തിലും ആരംഭിച്ചു.

കർത്താവിന്റെ ക്രൂശുമരണത്തിന് ശേഷം ഉയിർപ്പുവരെയുള്ള 40 മണിക്കൂർ നേരം മാതാവും ശിഷ്യന്മാരും കർത്താവിനെക്കുറിച്ച് ധ്യാനി

ച്ചുകൊണ്ടിരുന്നതിന്റെ ഓർമ്മയായിട്ടാണ് 40 മണി ആരാധന തുടങ്ങിയത്. യൂറോപ്പിൽ പ്രചരിച്ചിരുന്ന ഈ ആരാധനരീതി കേരളത്തിൽ പ്രായോഗികമാക്കിയത് ചാവറയച്ചനാണ്. 40 മണി ആരാധനയുടെ ക്രമം സംബന്ധിച്ചുള്ള മാർപാപ്പായുടെ നിയമങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതും അദ്ദേഹം തന്നെ.

## തിരുക്കർമ്മങ്ങളുടെ വളർച്ച

സഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചാവറയച്ചൻ കത്തോലിക്കാ സഭയുടെ ആരാധനക്രമം പരിഷ്ക്കരിച്ചു. പൗരസ്ത്യ സുറിയാനി ക്രമമനുസരിച്ച് കാനോനനമസ്ക്കാരവും മരിച്ചവരുടെ കർമ്മങ്ങളും കൈയെഴുത്തുപ്രതികളെ ആധാരമാക്കി പ്രസിദ്ധീകരിച്ചത് ചാവറയച്ചനാണ്. പട്ടക്കാരുടെ കാനോനനമസ്ക്കാരങ്ങൾക്കുവേണ്ട ജപങ്ങൾ, വർഷത്തിലെ ഓരോ ഞായറാഴ്ചകൾ, നോമ്പുകാലത്തിലെ ഓരോ ദിവസങ്ങൾ, പ്രത്യേക തിരുനാളുകൾ, ഓർമ്മദിനങ്ങൾ, ഇടദിവസങ്ങൾ ഇങ്ങനെ ഓരോ ദിനങ്ങളിലെയും കാനോൻ നമസ്ക്കാരങ്ങൾ ഹുദറാ, കശ്ക്കോൽ, ഗസ്സാ, ക്കാലാ എന്നിങ്ങനെ പല ഗ്രന്ഥങ്ങളിലായി കിടന്നിരുന്നതിനാൽ ഓരോ ദിവസത്തേക്കും വേണ്ട ജപങ്ങൾ വെവ്വേറെ പുസ്തകങ്ങളിൽ നിന്നെടുത്തുചൊല്ലുക അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. അതിനാൽ ശെമ്മാശനായിരിക്കുമ്പോൾ തന്നെ ചാവറയച്ചൻ കാനോനനമസ്ക്കാരത്തിനുവേണ്ട ജപങ്ങൾ പല ഗ്രന്ഥങ്ങളിലായി കിടന്നിരുന്നത് ശേഖരിച്ച് ക്രമവൽക്കരിച്ച് വൈദികർക്ക് എളുപ്പമായി ജപിക്കത്തക്ക വിധത്തിൽ ചിട്ടപ്പെടുത്തി. ദുഃഖശനിയാഴ്ചക്രമങ്ങളും ചാവറയച്ചൻ എഴുതിയുണ്ടാക്കി.

## സഹനദിനങ്ങൾ

തുടരെത്തുടരെയുള്ള യാത്രകളും വിശ്രമമില്ലാതെയുള്ള പ്രവർത്തനങ്ങളും സഭയിലെ വഴക്കുകൾ പറഞ്ഞുതീർക്കുന്നതിലുള്ള ക്ലേശങ്ങളും 1870 ൽ വർഷങ്ങളായുള്ള വാതരോഗം രൂക്ഷമായതും സഹനാതീതമായിരുന്നു. നാളുകളായുള്ള കണ്ണുരോഗവും അതിന് വേണ്ടിവന്ന പലവിധ ചികിത്സകളും എല്ലാംകൂടി ചാവറയച്ചനെ രോഗക്കിടക്കയിലാക്കി. 1871 ജനുവരി 3 ന് കൂനമ്മാവ് ആശ്രമത്തിൽ വച്ച് ചാവറ പിതാവ് മരണമടഞ്ഞു. സെന്റ് ഫിലോമിനാസ് ദേവാലയത്തിന്റെ

അൾത്താരയോട് ചേർന്ന് ചാവറപിതാവിന്റെ ഭൗതികശരീരം അടക്കം ചെയ്തു. പിന്നീട് 1887 ൽ സ്വദേശ മെത്രാന്മാരെ റോം അനുവദിക്കുകയും ലത്തീൻ സുറിയാനി സഭകൾ തിരിച്ച് ഭരണം നടത്താൻ തുടങ്ങുകയും ചെയ്തു. സുറിയാനിക്കാർ കൂനമ്മാവിൽ നിന്ന് അമ്പഴക്കാട്ട് ആശ്രമത്തിലേക്ക് പോകണമെന്ന കല്പന വന്നു. അതുകൊണ്ട് 1889 മെയ് 24 ന് കബറിടം തുറന്ന് ഭൗതീകാവശിഷ്ടങ്ങൾ മാന്നാനത്ത് കൊണ്ടുവന്ന് ആശ്രമദേവാലയത്തിൽ അൾത്താരയോട് ചേർന്ന് അടക്കം ചെയ്തു.

ചാവറപിതാവ് 33 വർഷം താമസിച്ച മുറിയും അദ്ദേഹം ഉപയോഗിച്ചിരുന്ന കട്ടിൽ, കസേര, വള്ളം, വില്ലുവണ്ടി തുടങ്ങിയവയും മാന്നാനത്ത് പൂജ്യമായി സൂക്ഷിച്ചിരിക്കുന്നു. ചാവറപിതാവ് തുടങ്ങിയ ആദ്യത്തെ സ്കൂളും, അദ്ദേഹം നിർമ്മിച്ച മരപ്രസ്സും ഇന്ന് തീർത്ഥാടകർക്ക് ഭക്തി നിർഭരമായ കാഴ്ച വസ്തുക്കളാണ്. ക്രൈസ്തവസഭയുടെയും സി.എം.ഐ., സി.എം.സി. സഭകളുടെയും ചരിത്രം പ്രതിപാദിക്കുന്ന ചാവറ ആർട്ട് ഗാലറിയും ഏറെ ആകർഷകമാണ്.

## പുണ്യചരിതനായ ചാവറപിതാവ്

തന്റെ കഴിവുകളും ജീവിതം തന്നെയും മറ്റുള്ളവർക്കായി നീക്കിവച്ച് പ്രവർത്തിച്ച മഹത്വ്യക്തിയായിരുന്നു ചാവറയച്ചൻ. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങൾ. തിരുസഭാസ്നേഹത്തിന്റെ ഉത്തമമാതൃകയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. യേശുവിന്റെ സഭയെ അദ്ദേഹം യേശുവിനെപ്പോലെ സ്നേഹിച്ചു. സഭയുടെ വിജയം, നേട്ടങ്ങൾ, വളർച്ച എന്നിവ അദ്ദേഹത്തെയും സന്തോഷവാനാക്കി.

എല്ലാത്തരത്തിലും അനുകരണാർഹമായ, യഥാർത്ഥ ക്രിസ്തുശിഷ്യനായ അദ്ദേഹത്തിന്റെ ദൈവൈക്യജീവിതവും പ്രാർത്ഥനാജീവിതവും സഭാസ്നേഹവും ദീർഘവീക്ഷണവും ദൈവമനുഷ്യോന്മുഖമായ ജീവിതസമർപ്പണവും പ്രവർത്തനങ്ങളുമെല്ലാം ഭാരതസഭയുടെ മക്കൾക്ക് ഇന്നും ജീവനും ശക്തിയും പ്രചോദനവും നല്കുന്നതാണ്.

# വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ്പിതാവ്

## (കുട്ടികൾക്കൊരു ഗൈഡ്)

1. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ജനനതിയതി ?
   ഉ: 1805 ഫെബ്രുവരി 10
2. ചാവറപിതാവിന്റെ ജനനസ്ഥലം?
   ഉ: കൈനകരി (ആലപ്പുഴ ജില്ല)
3. ചാവറപിതാവിന്റെ ജന്മസ്ഥലം ഏത് ഇടവകയിൽ ആയിരുന്നു?
   ഉ: ചേന്നങ്കരി ഇടവക
4. ചാവറപിതാവ് പഠിച്ച സെമിനാരി?
   ഉ: പള്ളിപ്പുറം സെമിനാരി
5. ചാവറപിതാവിന്റെ പൗരോഹിത്യസ്വീകരണം എന്ന് ?
   ഉ: 1829 നവംബർ 29
6. വാഴ്ത്തപ്പെട്ട ചാവറപിതാവ് പട്ടം സ്വീകരിച്ചത് ഏത് പള്ളിയിൽ?
   ഉ: അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് പള്ളിയിൽ
7. വാഴ്ത്തപ്പെട്ട ചാവറപിതാവ് സി.എം.ഐ. സഭയുടെ പൊതു ശ്രേഷ്ഠനായി സേവനം ചെയ്ത കാലഘട്ടം?
   ഉ: 1855 മുതൽ 1871 വരെ
8. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ജ്ഞാനസ്നാനം എന്ന്?
   ഉ: 1805 ഫെബ്രുവരി 18
9. വാഴ്ത്തപ്പെട്ട ചാവറപിതാവിന് ജ്ഞാനസ്നാനം നൽകിയത് ഏത് പള്ളിയിൽ വച്ച് ?
   ഉ: ചേന്നങ്കരി പള്ളിയിൽ വച്ച്

10. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ജ്ഞാനസ്നാനപേര് എന്ത് ?

ഉ: കുര്യാക്കോസ്

11. വാഴ്ത്തപ്പെട്ട ചാവറപിതാവിനെ ഏത് ദേവാലയത്തിലാണ് അമ്മ അടിമ വച്ചത് ?

ഉ: വെച്ചൂർ പരിശുദ്ധ ദൈവമാതാവിന്റെ ദേവാലയത്തിൽ

12. അടിമ സമർപ്പിച്ച സമയത്ത് വൈദികൻ അമ്മയോട് പറഞ്ഞതെന്താണ് ?

ഉ: നീ ഇവനെ ദൈവമാതാവിന്റെ ദാസനായി പരിപാലിച്ചു വളർത്തുക. ഈ കൊച്ചുകുറിയാക്കോസ് ഇനിമുതൽ നിന്റെ മകനല്ല. പരിശുദ്ധ ദൈവമാതാവിന്റെ പ്രിയപുത്രനാണെന്ന് കരുതിക്കൊള്ളുക.

13. കുര്യാക്കോസിന് എത്ര സഹോദരങ്ങൾ ഉണ്ടായിരുന്നു ?

ഉ: ഒരു സഹോദരനും 4 സഹോദരിമാരും

14. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മാതാപിതാക്കളുടെ പേര് ?

ഉ: കുര്യാക്കോസ് - മറിയം

15. കുര്യാക്കോസിനെ സെമിനാരിയിൽ അയയ്ക്കണമെന്ന് നിർദ്ദേശിച്ചത് ആര് ?

ഉ: പാലയ്ക്കൽ ബ. തോമാമല്പാനച്ചൻ

16. ഏത് കുടുംബത്തിന്റെ ശാഖയിൽ പെട്ടതാണ് ചാവറ കുടുംബം ?

ഉ: പകലോമറ്റം തറവാട്

17. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ അമ്മയുടെ കുടുംബം ?

ഉ: തോട്ടയ്ക്കാട്ട് ചോതിരക്കുന്നേൽ കുടുംബം

18. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ഏകസഹോദരന്റെ പേര് ?

ഉ: ജോസഫ്കുഞ്ഞ്

19. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ഗുരുനാഥന്റെ പേര് എന്ത് ?

ഉ: പാലയ്ക്കൽ തോമാമല്പാനച്ചൻ

20. മാന്നാനം കുന്നിന്റെ സുറിയാനി പേര് എന്ത് ആയിരുന്നു ?

ഉ: ബേസ്റൗമാ

21. ബോസ്റൗമാ എന്ന വാക്കിന്റെ അർത്ഥം ?

ഉ: മലമുകളിലെ വീട് (ഉയരത്തിലെ വീട്)

22. മാന്നാനം സന്യാസാശ്രമത്തിന്റെ ശിലാസ്ഥാപനം എന്നായിരുന്നു ?

**ഉ:** 1831 മെയ് 11

23. വാഴ്ത്തപ്പെട്ട ചാവറപിതാവ് ഏത് പള്ളിയുടെ വികാരിയായിട്ടാണ് സേവനം ചെയ്തിട്ടുള്ളത് ?

**ഉ:** പള്ളിപ്പുറം പള്ളി

24. സന്യാസസഭാസ്ഥാപനത്തിന് അനുമതി കിട്ടിയത് ഏത് വർഷം ?

**ഉ:** 1829

25. വാഴ്ത്തപ്പെട്ട ചാവറപിതാവിനെ മല്പാനും വൈദികരുടെ പരീക്ഷകനുമായി നിയമിച്ചത് ആര് ? എന്ന് ?

**ഉ:** വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ, 1844 ഫെബ്രുവരി 16

26. മാന്നാനം പ്രസ്സിൽ നിന്ന് ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം ഏത് ? എന്ന് ?

**ഉ:** ജ്ഞാനപീയൂഷം 1846 ൽ

27. കേരളകത്തോലിക്കാസഭയിൽ ആദ്യമായി സ്കൂൾ ആരംഭിച്ചത് ആര് ?

**ഉ:** വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്

28. മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ സംസ്കൃതപാഠശാല ആരംഭിച്ചത് എന്ന് ?

**ഉ:** 1846

29. കേരളത്തിലെ ആദ്യസന്യാസസഭയുടെ ആദ്യപേര് ?

**ഉ:** അമലോത്ഭവ ദാസസംഘം

30. ഭാരതത്തിൽ ആദ്യമായി സന്യാസവ്രതം ചെയ്ത ആദ്യ ഭാരതീയൻ ?

**ഉ:** ചാവറ കുര്യാക്കോസ് ഏലിയാസ്പിതാവ്

31. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ വ്രതവാഗ്ദാനം എന്നായിരുന്നു. ?

**ഉ:** 1855 ഡിസംബർ 8

32. വ്രതാനുഷ്ഠാനത്തിനുശേഷം വാഴ്ത്തപ്പെട്ട ചാവറപിതാവ് ഏത് സ്ഥാനപ്പേരിലാണ് അറിയപ്പെട്ടിരുന്നത് ?

**ഉ:** മാന്നാനം ആശ്രമത്തിന്റെയും സഭയുടെയും പ്രിയോർ

33. ചാവറപിതാവ് വ്രതാനുഷ്ഠാനം നടത്തിയതിനുശേഷം അദ്ദേഹത്തിന്റെ മുൻപിൽ എത്ര വൈദികർ വ്രതം ചെയ്തു ?

ഉ: 10 വൈദികർ

34. വ്രതാനുഷ്ഠാനവേളയിൽ വാഴ്ത്തപ്പെട്ട ചാവറപിതാവ് സ്വീകരിച്ച പുതിയ പേര് ?

ഉ: തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയ

35. സന്യാസസഭയുടെ ആദ്യപേര് എന്തായിരുന്നു ?

ഉ: അമലോത്ഭവമറിയത്തിന്റെ ദാസസംഘം

36. കർമ്മെലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി, കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയെന്ന പേര് എന്ന് ലഭിച്ചു ?

ഉ: 1861

37. മാന്നാനത്തെ അമലോത്ഭവ ദാസസംഘം 1861 മുതൽ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?

ഉ: കർമ്മെലീത്താ നിഷ്പാദുക മൂന്നാംസഭ (ക.നി.മൂ.സ)

38. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കുമ്പസാരക്കാരനും ആത്മീയ ഗുരുവും ആരായിരുന്നു ?

ഉ: ഫാ. ലെയോപ്പോൾദ് ബെക്കാറോ മിഷനറി

39. അദ്ദേഹം ഏത് രാജ്യക്കാരനായിരുന്നു ?

ഉ: ഇറ്റലി

40. 1861 ൽ കേരള സഭയിൽ ഉണ്ടായ പ്രശ്നം ഏത് പേരിലാണ് അറിയപ്പെടുന്നത് ?

ഉ: റോക്കോസ് ശീശ്മ

41. റോക്കോസ് ശീശ്മയെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറപിതാവ് ഏത് മാർപാപ്പയ്ക്കാണ് കത്തെഴുതിയത് ?

ഉ: ഒമ്പതാം പീയൂസ് മാർപാപ്പ

42. വാഴ്ത്തപ്പെട്ട ചാവറപിതാവ് സ്ഥാപിച്ച 7 ശാഖാഭവനങ്ങൾ ഏവ ?

ഉ: കൂനമ്മാവ് , ഏൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന്,

43. കൂനമ്മാവ് കർമ്മെലീത്താ മഠത്തിന്റെ ആരംഭം എന്ന് ?

ഉ: 1866 ഫെബ്രുവരി 13

44. കർമ്മെലീത്താ മഠത്തിന്റെ സ്ഥാപകർ ആര് ?

ഉ: വാഴ്ത്തപ്പെട്ട ചാവറപിതാവും ഫാ. ലെയോപ്പോൾദ് ബെക്കാറോ മിഷനറിയും

45. എങ്ങനെയാണ് മഠത്തിന്റെ ആദ്യകെട്ടിടത്തിനുള്ള പണം കണ്ടെത്തിയത് ?

ഉ: ധർമ്മം സ്വീകരിച്ച്

46. ആദ്യമഠം ഏത് പേരിൽ അറിയപ്പെട്ടിരുന്നു ?

ഉ: പനമ്പുമഠം.

47. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കൃതികൾ ഏവ ?

ഉ: ജ്ഞാനപീയൂഷം, ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം

48. മാന്നാനത്ത് സീറോ മലബാർ സഭയുടെ സെമിനാരി സ്ഥാപിച്ചത് എന്ന് ?

ഉ: 1833 ൽ

49. വാഴ്ത്തപ്പെട്ട ചാവറപിതാവ് ആരംഭിച്ച ആദ്യപാഠശാലയുടെ പേരെന്ത് ?

ഉ: സംസ്കൃതകളരി

50. സംസ്കൃതകളരി എവിടെയാണ് സ്ഥാപിച്ചത് ? എന്ന് ?

ഉ: മാന്നാനത്ത് 1846 ൽ

51. സീറോ മലബാർ സഭയുടെ ആദ്യത്തെ പൊതുസെമിനാരി ഏത് ?

ഉ: മാന്നാനം സെമിനാരി

52. മറ്റ് ആശ്രമങ്ങളോട് ചേർന്ന് സെമിനാരികൾ തുടങ്ങാൻ നിർദ്ദേശിച്ചത് ആര് ?

ഉ: ബർണ്ണർഡിൻ മെത്രാപ്പോലീത്താ

53. അന്ന് വരെ ഇടവകകളോട് ചേർന്നുള്ള സെമിനാരികൾ നിർത്തലാക്കിയത് ആരുടെ നിർദ്ദേശപ്രകാരം ?

ഉ: ബർണ്ണർഡിൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം

54. പുത്തൻപള്ളി സെമിനാരിയുടെ തുടക്കക്കാരനാര് ?

ഉ: ചാവറപിതാവ്

55. എന്നാണ് ഈ സെമിനാരി മംഗലപ്പുഴയ്ക്ക് മാറ്റിയത് ?

ഉ: 1932 ൽ

56. 1887 ൽ മാന്നാനം പ്രസ്സിൽ നിന്ന് പുറത്തിറക്കിയ പത്രം ?

**ഉ:** നസ്രാണി ദീപിക

57. ചരിത്രത്തോട് ചാവറപിതാവിന് പ്രതിപത്തി ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് എന്ത് ?

**ഉ:** ചാവറപിതാവ് എഴുതിയ നാളാഗമങ്ങൾ

58. കേരളത്തിൽ ആദ്യമായി 40 മണി ആരാധന നടത്തിയ സ്ഥലം ഏത് ?

**ഉ:** കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമദേവാലയം

59. കേരളത്തിൽ 40 മണി ആരാധനയുടെ ആരംഭകൻ ആര് ?

**ഉ:** വാഴ്ത്തപ്പെട്ട ചാവറപിതാവ്

60. വാഴ്ത്തപ്പെട്ട ചാവറപിതാവ് 40 മണി ആരാധന ആരംഭിച്ച വർഷം ഏത് ?

**ഉ:** 1866

61. മലയാളത്തിലെ ആദ്യഖണ്ഡകാവ്യം ഏത് ?

**ഉ:** അനസ്താസ്യായുടെ രക്തസാക്ഷ്യം

62. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യം എഴുതിയതാര് ?

**ഉ:** വാഴ്ത്തപ്പെട്ട ചാവറപിതാവ്

63. ക്രിസ്തീയ കുടുംബത്തിന്റെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്നത് ഏത് ?

**ഉ:** ഒരു നല്ല അപ്പന്റെ ചാവരുൾ

64. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കൃതികളിൽ മാനസികപ്രാർത്ഥനയുടെ പുസ്തകം ഏത് ?

**ഉ:** ധ്യാനസല്ലാപങ്ങൾ

65. വാഴ്ത്തപ്പെട്ട ചാവറപിതാവ് കൈനകരിയിലെ കത്തോലിക്കാ കുടുംബങ്ങൾക്കുവേണ്ടി എഴുതിയ സുവർണ്ണഗ്രന്ഥത്തിന്റെ പേര് എന്ത് ?

**ഉ:** ഒരു നല്ല അപ്പന്റെ ചാവരുൾ

66. ഒരു നല്ല അപ്പന്റെ ചാവരുൾ എഴുതിയ വർഷം ?

**ഉ:** 1868

67. കേരളത്തിൽ ആദ്യമായി വാഴ്ത്തപ്പെട്ട ചാവറപിതാവ് ഉപവിശാല സ്ഥാപിച്ച വർഷം ?

ഉ: 1869

68. ഓരോ പള്ളിയ്ക്കുമൊപ്പം പള്ളിക്കൂടം എന്ന കല്പന പുറപ്പെടുവിച്ചതാര് ? ഏത് വർഷം ?

ഉ: വാഴ്ത്തപ്പെട്ട ചാവറപിതാവ്, 1864 ൽ

69. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സ്ന്യാസസഭ സ്ഥാപിച്ച വർഷം ?

ഉ: 1831

70. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ആദ്ധ്യാത്മികതയുടെ പ്രധാന ഘടകം ?

ഉ: അനുതാപത്തിന്റെ മനോഭാവം

71. ദൈവവിളിയിന്മേലുള്ള ധ്യാനം സമ്പൂർണ്ണകൃതികളിൽ എത് വാല്യത്തിൽ ചേർത്തിരിക്കുന്നു. ?

ഉ:മൂന്നാം വാല്യത്തിൽ

72. വാഴ്ത്തപ്പെട്ട ചാവറപിതാവ് മരിച്ചത് എന്ന്, എവിടെ വച്ച് ?

ഉ: 1871 ജനുവരി 3 ന്, കൂനമ്മാവ് ആശ്രമത്തിൽ വച്ച്

73. എന്നാണ് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്തേക്ക് മാറ്റി സ്ഥാപിച്ചത് ?

ഉ: 1889 മെയ് 24

74. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്ത് കൊണ്ടുവരാൻ കാരണമെന്ത് ?

ഉ: സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽ നിന്ന് വേർതിരിച്ചതോടുകൂടി കൂനമ്മാവ് ആശ്രമം സുറിയാനി കർമ്മെലീത്താ സഭയിൽ നിന്ന് വേർപെടുത്തി ലത്തീൻ സഭയുടേതാക്കിയതിനാലാണ്.

75. വാഴ്ത്തപ്പെട്ട ചാവറപിതാവ് ദിവംഗതനാകുമ്പോൾ എത്ര വയസ്സുണ്ടായിരുന്നു. ?

ഉ: 66 വയസ്സ്

76. വാഴ്ത്തപ്പെട്ട ചാവറപിതാവിനെ ധന്യനായി ഉയർത്തിയ വർഷം, മാർപാപ്പയുടെ പേര്, ഇവ ഏത് ?

ഉ: 1984 ൽ ഏപ്രിൽ 7 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ

77. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മധ്യസ്ഥം വഴി രോഗശാന്തി ലഭിച്ച പുണ്യാത്മാവ് ആര് ?

ഉ: വിശുദ്ധ അൽഫോൻസ

78. ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് എന്ന് ?

ഉ: 1986 ഫെബ്രുവരി 8

79. ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കാൻ റോമിൽ സമർപ്പിച്ച അത്ഭുതം ഏത് ?

ഉ: കല്പാദങ്ങൾ രണ്ടും ഉള്ളിലേക്ക് വളഞ്ഞിരുന്ന പെണ്ണാപറമ്പിൽ ജോസഫിന്റെ കാലുനിവർന്ന് ശരിയായി നടക്കാൻ സാധിച്ചത്.

80. ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച മാർപാപ്പ ?

ഉ: ജോൺ പോൾ രണ്ടാമൻ മാർപാപ്പ

81. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ആദ്യ ജീവചരിത്രം എഴുതിയത് ആര് ?

ഉ: ഇറ്റാലിയൻ മിഷനറി ഫാ. ലെയോപ്പോൾഡ് ബെക്കാറോ ഒ.സി.ഡി.

82. ഹരിജൻ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകാൻ വാഴ്ത്തപ്പെട്ട ചാവറപിതാവ് ആരംഭിച്ച പ്രസ്ഥാനം ഏത് ?

ഉ: പിടിയരി പ്രസ്ഥാനം

83. ഒരു നല്ല ക്രിസ്ത്യാനികുടുംബം -------- ന്റെ സാദൃശ്യമാകുന്നു.

ഉ : ആകാശമോക്ഷത്തിന്റെ (സ്വർഗ്ഗരാജ്യത്തിന്റെ) സാദൃശ്യ മാകുന്നു.

84. കുടുംബാംഗങ്ങൾ കാരണവന്മാരുടെ നേരെ---------ഉം, -----------ഉം പാലിക്കണം

ഉ : ആചാരവും കീഴ്വഴക്കവും

85. എല്ലാവരും അവരവരുടെ അന്തസ്സിന് തക്കതിൻ വണ്ണം ------ പ്രാപിക്കുന്നത് ശ്രമിക്കണം

ഉ: നിത്യഗതിയെ

86. ക്രമവും ദൈവഭയവും നിത്യരക്ഷയിൽ വിചാരവുമില്ലാത്ത കുടുംബങ്ങൾ എത്രയോ-------, ---------- കാരണമാകുന്നു.

ഉ : സങ്കടങ്ങൾക്കും, കണ്ണീരുകൾക്കും കാരണമാകുന്നു.

87. ഓരോരുത്തരുടെയും അറ്റകുറ്റങ്ങളും ----------കളും നിങ്ങൾ പരസ്പരം ക്ഷമിക്കുക

ഉ: കുറവുകളും

88. ഭിന്നിക്കപ്പെട്ട രാജ്യം നിലനിൽക്കുകയില്ലെന്ന് കർത്താവ് അരുളി ച്ചെയ്തിരിക്കുന്നതുപോലെ ----- ഉള്ള തറവാട് വേഗത്തിൽ നശിക്കും.

ഉ: വഴക്കുള്ള

89. കുടുംബാംഗങ്ങൾ പരസ്പരം ക്ഷമിക്കുകയില്ലെങ്കിൽ പുറമെയു ള്ളവർ നിങ്ങളോടും --------

ഉ: ക്ഷമിക്കുകയില്ല

90. പുറമെയുള്ളവർ നമ്മളോട് ക്ഷമിക്കാൻ നമ്മൾ എന്തു ചെയ്യണ മെന്നാണ് ചാവറയച്ചൻ നമ്മളോട് പറഞ്ഞിട്ടുള്ളത്

ഉ: പരസ്പരം ക്ഷമിക്കാൻ

91. ഒരു തറവാടിന്റെ ഭാഗ്യവും സമാധാനവും എന്താണ് ?

ഉ: ആരോടും വഴക്കില്ലാതെ സമാധാനമായിരിക്കുക

92. മറ്റുള്ളവരോട് ക്ഷമിക്കുന്നത് മഹാശക്തിയും --------ഉള്ള വ്യക്തിക്കുമാത്രം കഴിയുന്നതുമാണ്

ഉ: വിവേകവും

93. ------------കുടുംബങ്ങളെ നശിപ്പിക്കും എന്ന് ചാവറപിതാവ് പഠിപ്പിക്കുന്നു.

ഉ: സർക്കാർ വഴക്കുകൾ

94. ----------ഉം, ----------ഉം കുടുംബത്തിൽ ദൈവശാപം വീഴു ന്നതിന് കാരണമാകും

ഉ: കുർബാനക്കടങ്ങളും, ഉത്തരിപ്പുകടങ്ങളും

95. എങ്ങനെയുള്ളവനാണ് വേഗം ദരിദ്രനാകുന്നത് എന്നാണ് ചാവറ പിതാവ് പഠിപ്പിക്കുന്നത്

ഉ: സമ്പന്നന്റെ ഭാവം കാണിക്കുന്നവൻ

96. ഒരു വലിയ വെട്ടത്തെകാണിച്ച് വേഗം കെട്ടുപോകുന്ന വൈയ് ക്കോൽ തുറുവിനേക്കാൾ നല്ലത് നിലനിൽക്കുന്ന വെട്ടത്തെകാ ണിക്കുന്ന-------- ആകുന്നു

ഉ: ചെറിയ വിളക്കാകുന്നു.

97. എങ്ങനെയുള്ള തറവാടുക്ളോട് ബന്ധുത്വം കൂടരുതെന്നാണ് ചാവറപിതാവ് പഠിപ്പിക്കുന്നത്

ഉ: ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട്

98. എങ്ങനെയുള്ള ബന്ധുക്കളാണ് ഒരു കുടുംബത്തിന്റെ സന്തോഷം?

ഉ: ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കൾ

99. എങ്ങനെയുള്ളവരെ മാത്രം നിന്റെ ഭവനത്തിൽ സ്വീകരിക്കുക എന്നാണ് ചാവറപിതാവ് പഠിപ്പിക്കുന്നത് ?

ഉ: നല്ല മര്യാദയും ദൈവപേടിയുമുള്ളവരെ മാത്രം

100. ---------സർവ്വ ദുർഗുണങ്ങളുടെയും മാതാവാകുന്നു

ഉ: മടി

101. എങ്ങനെയുണ്ടാക്കുന്ന സമ്പത്താണ് മഞ്ഞുപോലെ വേഗം അലിഞ്ഞുപോകുന്നത് ?

ഉ: കളവുകൊണ്ടും സൂത്രം കൊണ്ടും സമ്പാദിച്ചത്

102. എങ്ങനെയുള്ള ദിവസമാണ് നിന്റെ ആയുസ്സിന്റെ കണക്കിൽപെടുത്തുകയില്ലാത്തത് ?

ഉ: അന്യർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം

103. ദാനധർമ്മത്തെക്കുറിച്ച് ചാവറപിതാവ് പറഞ്ഞിട്ടുള്ള ഒരു ചാവറ സൂക്തം പറയാമോ ?

ഉ: ഭിക്ഷക്കാർ വെറുംകൈയോടെ നിന്റെ വീട്ടിൽ നിന്ന് പോകാൻ നീ സമ്മതിക്കരുത്. പാടുള്ളപ്പോഴൊക്കെയും അല്പം ദാനധർമ്മം കൊടുക്കാൻ മടിക്കേണ്ട.

104. അതിധാരാളിത്വവും---------ഉം ഒരുപോലെ തിന്മയാകുന്നു

ഉ: ലുബ്ധും

105. എങ്ങനെയുള്ളവന്റെ വസ്തുക്കളാണ് പുഴു തിന്നുന്നത് ?

ഉ: ലുബ്ധന്റെ

106. എങ്ങനെയുള്ളവന്റെ സന്തോഷം പുകപോലെ മാഞ്ഞുപോകും?

ഉ: ധാരാളിയുടെ

107. കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന്-------അരുളിച്ചെയ്യുന്നു.

ഉ: റൂഹാദ്ക്കുദ്ശാ തമ്പുരാൻ (ചാവരുൾ)

108. ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപം ഏതാകുന്നു?

ഉ: വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത്

109. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് എന്താണ് ?

ഉ: ദൈവപേടിയും ഭക്തിയും

110. നല്ലകുടുംബത്തെ അന്ധകാരത്തിലാഴ്ത്തുന്ന കാർമേഘം ഏതാണ് ?

ഉ: പരദൂഷണം

111. ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളത് എന്ത് ?

ഉ: അടക്കമില്ലായ്മ

112. എങ്ങനെയുള്ള ആളാണ് തന്നിൽതന്നെ ശക്തിയില്ലാത്ത ആൾ ?

ഉ: സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ

113. ചീത്തപുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നത് എന്തിനു സമാനമാകുന്നു ?

ഉ: വൈയ്ക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതിന്

114. മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ ?

ഉ: മക്കളെ വേണ്ടവിധം വളർത്തുക

115. ദൈവം മാതാപിതാക്കളെ ഏല്പിച്ചിരിക്കുന്ന വലിയ നിക്ഷേപം എന്താണ് ?

ഉ: മക്കൾ

116. തന്റെ തിരുരക്തത്താൽ ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായി ദൈവം നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാക്കളാണ് ------

ഉ: നിങ്ങളുടെ മക്കൾ

117. വളരുവാൻ ഭക്ഷണം എന്നതുപോലെ---------ഉം, -------ഉം ത്മീയ ഭക്ഷണമാകണം.

ഉ: അറിവും വിശുദ്ധിയും

118. ഒരു പെൺപൈതലിന്റെ ആഭരണം എന്താണ് ?

ഉ: അടക്കവും (മിണ്ടടക്കവും, കണ്ണടക്കവും), ഭക്തിയും

119. കുടുംബത്തിൽ വെളിച്ചം നിലനിർത്താൻ സഹായിക്കുന്ന സിദ്ധൗഷധം ഏത് ?

ഉ: വിശുദ്ധ കുർബാന

120. ആശ്രമത്തിന്റെ മഹത്വം അതിന്റെ -------കളുടെ കനമല്ല. അതിൽ നിവസിക്കുന്നവർ തമ്മിലുള്ള-------- ആണ്.

ഉ: ഭിത്തികളുടെ, സ്നേഹമാണ്.

121. ആത്മീയ മണവാളനായ ഈശോയോടു ചെയ്യുന്ന സംഭാഷണം എന്താണ് ?

ഉ: ധ്യാനം

122. -------കാണാത്ത മനുഷ്യന്റെ ജീവിതം ഇരുളടഞ്ഞതാണ്.

ഉ: അർത്ഥം

123. ദൈവത്തെക്കൊണ്ട് നിറഞ്ഞ മനുഷ്യന് ഈ ലോകം തന്നെ വലിയൊരു----------ആണ്.

ഉ: പ്രാർത്ഥനാപുസ്തകം

124. അകൃത്രിമമായ വ്യക്തിത്വത്തിന്റെയും മഹത്വത്തിന്റെയും അടയാളം എന്ത് ?

ഉ: വിനയം

125. -------ആണ് മനുഷ്യന്റെ ഏറ്റവും വലിയ മുഖംമൂടി

ഉ : അഹങ്കാരം

126. യഥാർത്ഥ ബഹുമാനം എന്തിൽ നിന്ന് ഉരുത്തിരിയുന്നതാണ് ?

ഉ: സ്നേഹത്തിൽ നിന്ന്

127. സ്വർഗ്ഗീയമായ ധനം സമ്പാദിക്കാനുള്ള ഉപാധി എന്ത് ?

ഉ: ദാനധർമ്മം

128. സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ മരണമടഞ്ഞിരിക്കുന്നത് ഒരു മാസത്തിലാണ് ഏതാണ് ആ മാസം ?

ഉ: ജനുവരി

129. ഫാ. തോമസ് പാലയ്ക്കൽ മല്പാൻ മരണമടഞ്ഞത് എന്ന് ?

ഉ: 1841 ജനുവരി 16

130. ഫാ. തോമസ് പോരൂക്കര മല്പാൻ മരണമടഞ്ഞത് എന്ന് ?

ഉ: 1846 ജനുവരി 8

131. ആദ്യപട്ടത്തിനുശേഷം നടത്തപ്പെടുന്ന പള്ളികയറ്റം എന്ന ചടങ്ങ് ചാവറപിതാവ് ഏത് പള്ളിയിലാണ് നടത്തിയത് ?

ഉ: മാർ സ്ലീവാപള്ളി, ആലപ്പുഴ

132. സി.എം.ഐ. സഭയുടെ മാതൃഭവനം എവിടെ ?

ഉ: മാന്നാനം

133. മാന്നാനത്ത് ആശ്രമത്തിന് തറക്കല്ലിട്ടത് എന്ന് ?

ഉ: 1831 മെയ് 11

134. സി.എം.ഐ. സഭയുടെ ഇപ്പോഴത്തെ ആസ്ഥാനം എവിടെയാണ്.?

ഉ: ചാവറഹിൽസ്, കാക്കനാട്

135. കേരളത്തിലെ ഇടവക വൈദികർ ആരംഭിച്ച സന്യാസസഭയിലെ ആദ്യ സന്യാസി ആര് ?

ഉ: വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്

136. 1855 ൽ ചാവറപിതാവിനോടൊപ്പം വ്രതംചെയ്ത മറ്റ് 10 വൈദികരുടെ വ്രതവാഗ്ദാനം സ്വീകരിച്ചത് ആര്?

ഉ: ചാവറ കുര്യാക്കോസ് ഏലിയാസ്പിതാവ്

137. ചാവറയച്ചൻ ഒരു വിശുദ്ധാത്മാവ് എന്ന് ആരു രേഖപ്പെടുത്തി ? എന്ന്?

ഉ: ഫാ. ലെയോപ്പോൾദ് ബെക്കാറോ, 1871 ജനുവരി 3 ന്

138. ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനെന്ന് പ്രഖ്യാപിച്ച തിരുസംഘത്തിന്റെ രേഖയുടെ ചുരുക്കം

ഉ: അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവം ഒരർത്ഥത്തിൽ ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തത്ഫലമായി ദൈവത്തിന്റെ മനുഷ്യനായും ദൈവകൃപ നിറഞ്ഞവനായും മറ്റും അദ്ദേഹത്തെ പരസ്യമായും വിശേഷിപ്പിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞു.

139. വസൂരിരോഗംപിടിച്ച ഒരാൾക്ക് അന്ത്യകൂദാശ കൊടുക്കാൻ ചാവറയച്ചൻ പോയത് എവിടെ വച്ച്?

ഉ: പള്ളിപ്പുറം പള്ളിയിൽ വികാരിയായി ജോലി നോക്കുന്ന സമയത്ത്

140. വസൂരി രോഗബാധിതന് അന്ത്യകൂദാശ നൽകുവാൻ പോകുന്നതിൽ നിന്ന് ചാവറപിതാവിനെ തടഞ്ഞ വ്യക്തിയോട് പിതാവ് പറഞ്ഞ മറുപടി എന്ത് ?

ഉ: ഇതെന്റെ കടം (കടമ), തമ്പുരാൻ സഹായിക്കും

141. റോക്കോസ് ശീശ്മ ഉണ്ടായപ്പോൾ സുറിയാനി സഭയുടെ ഏകരക്ഷകനായി വികാരി അപ്പസ്തോലിക്ക കണ്ടെത്തിയത് ആരെ ?

ഉ: ചാവറപിതാവിനെ

142. ചാവറപിതാവിനെ വികാരി ജനറാളായി നിയമിക്കാൻ നിശ്ചയിച്ച സൂനഹദോസ് ?

ഉ: തെന്ത്രോസ് സൂനഹദോസ്

143. വാഴ്ത്തപ്പെട്ട ചാവറപിതാവിനെ സുറിയാനിക്കാരുടെ വികാരിജനറാളായി നിയമിച്ച വർഷം ഏത് ?

ഉ: 1861 ജൂൺ 8

144. ദൈവത്തെ അപ്പാ, എന്റെ പ്രിയമുള്ള അപ്പാ എന്ന് ചാവറപിതാവ് അഭിസംബോധന ചെയ്യുന്നത് എവിടെ ?

ഉ: ചാവറപിതാവ് എഴുതിയ ധ്യാനസല്ലാപങ്ങളിൽ

145. ചാവറപിതാവിന്റെ മാതൃസഹോദരനായ വന്ദ്യ വൈദികൻ ആര്?

ഉ: തോപ്പിൽ ഗീവർഗ്ഗീസച്ചൻ

146. വൈദികപഠനത്തിന്റെ ബാലപാഠങ്ങൾ ഏത് പള്ളിയിൽ വച്ചാണ് ചാവറപിതാവ് അഭ്യസിച്ചത് ?

ഉ: ചേന്നൻകരി പള്ളിയിൽ വച്ച്

147. ചാവറപിതാവ് വൈദികപഠനം നടത്തിയ പള്ളിപ്പുറം സെമിനാരിയുടെ സ്ഥാപകൻ ?

ഉ: കുത്തിയതോട്ട് തച്ചിൽ ബ. അബ്രഹാം അച്ചൻ

148. അബ്രഹാം മല്പാനച്ചന്റെ കാലശേഷം പള്ളിപ്പുറം സെമിനാരിയുടെ ചുമതല ആർക്കായിരുന്നു /

ഉ: പാലയ്ക്കൽ തോമാമല്പാനച്ചന്

149. സുറിയാനി വൈദികർ ളോഹ ധരിക്കാൻ തുടങ്ങിയത് ആരുടെ പരിശ്രമഫലമായി ആയിരുന്നു?

ഉ: പാലയ്ക്കൽ തോമാമല്പാനച്ചന്റെ

150. ചാവറപിതാവിന്റെ സെമിനാരി ജീവിതകാലത്ത് ഉണ്ടായ ദാരുണസംഭവം എന്ത് ?

ഉ: ചാവറപിതാവിന്റെ മാതാപിതാക്കളും സഹോദരനും പകർച്ച വ്യാധി പിടിപെട്ട് മരിച്ചത്.

151. ചാവറപിതാവിന് ആറാം പട്ടം നൽകിയ വരാപ്പുഴ രൂപതാദ്ധ്യക്ഷൻ ആര് ?

ഉ: മിലേസ്യാ പ്രൻസ്ഗാസ്കർ

152. വരാപ്പുഴ മെത്രാന്റെ സെക്രട്ടറി സ്ഥാനത്തുനിന്ന് പാലയ്ക്കൽ തോമാമല്പാനച്ചൻ മാറിയപ്പോൾ പകരം നിയമിക്കപ്പെട്ടത് ആര്?

ഉ: പോരൂക്കര തോമാമല്പാനച്ചൻ

153. സന്യാസഭവനം സ്ഥാപിക്കുവാൻ പിതാക്കന്മാർക്ക് അനുവാദം കൊടുത്ത മെത്രാൻ ആര് ?

ഉ: മൗറേലിയൂസ് സ്തബെലീനി മെത്രാൻ

154. സന്യാസഭവന സ്ഥാപനത്തിനുള്ള ആദ്യസംഭാവന നൽകിയതാര്?

ഉ: മൗറേലിയൂസ് സ്തബെലീനി മെത്രാൻ

155. സന്യാസഭവനം സ്ഥാപിക്കുന്നതിനായി വിവിധ പള്ളികളിൽ നിന്നും പിരിവ് സ്വീകരിക്കുന്നതിന് അനുവാദം നൽകി ധർമ്മക്കടലാസ് ഒപ്പിട്ട് നൽകിയ മെത്രാൻ?

ഉ: മൗറേലിയൂസ് സ്തബെലീനി മെത്രാൻ

156. തപോഭവനം സ്ഥാപിക്കുന്ന പ്രദേശത്തിനുണ്ടായിരിക്കേണ്ട പ്രത്യേകതകൾ എന്തൊക്കെയായിരിക്കണം എന്നാണ് പിതാക്കന്മാർ ആഗ്രഹിച്ചിരുന്നത് ?

ഉ: ജനവാസം കുറഞ്ഞസ്ഥലം, ശുദ്ധജലം ലഭ്യമായിരിക്കണം, കാറ്റും വെളിച്ചവും ധാരാളമുള്ള കുന്നോ മലയോ ആയിരിക്കണം വള്ളവും വഞ്ചിയും അടുക്കുന്ന സ്ഥലമായിരിക്കണം

157. മാന്നാനത്തെ ആശ്രമത്തിന് വി. യൗസേപ്പിതാവിന്റെ നാമം നിർദ്ദേശിച്ചത് ആര് ?

ഉ: പോരൂക്കര തോമാമല്പാനച്ചൻ

158. മാന്നാനത്തെ ആശ്രമത്തിന് പാലയ്ക്കൽ തോമാമല്പാനച്ചൻ ഏത് പേരാണ് നിർദ്ദേശിച്ചത് ?

ഉ: വി. ദൊമിനിങ്കോസിന്റെ

159. മാന്നാനത്തെ ആശ്രമസ്ഥാപനസമയത്ത് സന്നിഹിതനായിരുന്ന മെത്രാൻ ?

ഉ: മൗറേലിയൂസ് സ്തബെലീനി മെത്രാൻ

160. മൗറേലിയൂസ് സ്തബലീനി മെത്രാൻ ആശ്രമത്തിന് ആരുടെ പേരായിരുന്നു നിർദ്ദേശിച്ചത് ?

ഉ: സ്നാപക യോഹന്നാന്റെ പേര്

161. ഏത് പ്രസ്സിന്റെ മാതൃക കണ്ടാണ് ചാവറപിതാവ് മരപ്രസ്സ് നിർമ്മിച്ചത് ?

ഉ: തിരുവനന്തപുരം ഗവ. പ്രസ്സ്

162. ചാവറയച്ചൻ മാന്നാനത്ത് പ്രസ്സ് തുടങ്ങാൻ ആരുവഴിയാണ് തിരുവിതാംകൂർ മഹാരാജാവിന് അപേക്ഷ സമർപ്പിച്ചത് ?

ഉ: മലബാറിന്റെ വികാരി അപ്പസ്തോലിക്ക വന്ദ്യനായ ആർച്ച് ബിഷപ്പ് വഴിയായി

163. പ്രസ്സ് തുടങ്ങാൻ രാജാവിന്റെ അനുവാദം ആരുവഴിയാണ് ലഭിച്ചത് ?

ഉ: ബ്രിട്ടീഷ് റസിഡന്റ് മേജർ ജനറൽ എം. കല്ലൻ

164. എന്നാണ് പ്രിന്റിംഗ് പ്രസ്സ് തുടങ്ങാൻ അനുവാദം ലഭിച്ചത് ?

ഉ: 1846 മെയ് 18 ന്

165. ചാവറപിതാവിന്റെ മരപ്രസ്സിന്റെ പിൻതുടർച്ചയായ ഇന്നത്തെ സെന്റ് ജോസഫ്സ് പ്രസ്സ് ആരുടെ സ്മരണയ്ക്കായി പണി തീർത്തതാണ്.?

ഉ: 1917 ൽ ശ്രീമൂലം രാജാവിന്റെ രജതജൂബിലി സ്മാരകമായി പണി കഴിപ്പിച്ചതാണ്.

166. ചാവറപിതാവിന്റെ വ്രതവാഗ്ദാനം ആരുടെ മുൻപിലായിരുന്നു.?

ഉ: മർസ്ലീനോസ് മിഷനറിയുടെ മുൻപിൽ

167. ചാവറപിതാവിനൊപ്പം വ്രതം ചെയ്ത മറ്റ് 10 വൈദികർ ആരെല്ലാം?

ഉ: 1. പുളിങ്കുന്ന് തോപ്പിൽ ഗീവർഗ്ഗീസച്ചൻ
2. ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ
3. അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ
4. ളാലം പുത്തൻപള്ളി മുഞ്ഞനാട്ട് മത്തായി അച്ചൻ
5. പാലാ കളപ്പുരയ്ക്കൽ മത്തായി അച്ചൻ
6. കൈനകരി വല്യാറ യാക്കോച്ചൻ
7. ളാലം പുത്തൻപള്ളി കണിയാരകത്ത് മാണിയച്ചൻ
8. പള്ളിപ്പുറത്ത് പാലയ്ക്കൽ കുര്യച്ചൻ

9. പാലാ കട്ടക്കയത്ത് ചാണ്ടിയച്ചൻ
10. പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ

168. കർമ്മെലീത്താസഭയുടെ നിയമാവലി അംഗീകരിച്ചു നൽകിയ മെത്രാൻ ?

ഉ: ബർണ്ണർദീനോസ് മെത്രാൻ

169. പരിശുദ്ധ സിംഹാസനം കർമ്മെലീത്താ സഭയുടെ നിയമാവലി ശാശ്വതമായി അംഗീകരിച്ചത് എന്ന് ?

ഉ: 1906 മാർച്ച് 12

170. സി.എം.ഐ. സഭാംഗങ്ങൾ ഉപയോഗിച്ചിരുന്ന കപ്പൂസ് എന്ന ശിരോവസ്ത്രം എന്നുമുതലാണ് ഉപയോഗിച്ചു തുടങ്ങിയത് ?

ഉ: 1868 മുതൽ

171. സി.എം.ഐ. സഭാംഗങ്ങൾക്ക് വെള്ള ളോവയും, തുകൽ ബെൽറ്റും, വെള്ള സ്കാപ്പുലറും എന്നു ലഭിച്ചു ?

ഉ: 1859

172. അമലോത്ഭവമറിയത്തിന്റെ കർമ്മെലീത്തർ എന്ന പേര് എന്ന് ലഭിച്ചു ?

ഉ: 1958 ൽ

173. സി.എം.ഐ. സഭാംഗങ്ങളുടെ കാപ്പയുടെ നിറം വെള്ളയായി അംഗീകരിച്ച മാർപാപ്പ ?

ഉ: പത്താം പീയൂസ് മാർപാപ്പ

174. മാന്നാനത്തെ ആശ്രമത്തിന്റെ പണികൾ നടന്നുകൊണ്ടിരിക്കെ ചാവറപിതാവിനെ തെക്കൻ പള്ളിപ്പുറം പള്ളിയുടെ വികാരിയായി നിയമിച്ച മെത്രാൻ ?

ഉ: ഫ്രാൻസീസ് സേവ്യർ മെത്രാൻ

175. കൂനമ്മാവിൽ ചാവറപിതാവ് സ്ഥാപിച്ച പ്രസ്സിന്റെ പേരെന്ത് ?

ഉ: മെത്രാപ്പോലീത്തായുടെ അച്ചുകൂടം

176. കൂനമ്മാവിൽ ചാവറപിതാവ് തുടങ്ങിയ കർമ്മെലീത്താ മഠത്തിന്റെ ആദ്യത്തെ ശാഖാഭവനം എവിടെയാണ് ആരംഭിച്ചത് ?

ഉ: പാലായ്ക്കടുത്ത് മുത്തോലിയിൽ

177. ചാവറപിതാവിനെ വികാരി ജനറാളായി നിയമിച്ച മെത്രാപ്പോലീത്താ ആര് ?

ഉ: ബർണ്ണർദീനോസ് മെത്രാപ്പോലീത്താ

178. ചാവറപിതാവിന് ഏതെല്ലാം ഭാഷകൾ അറിയാമായിരുന്നു. ?

ഉ: സുറിയാനി, ലത്തീൻ, പോർട്ടുഗീസ്, ഇറ്റാലിയൻ, സംസ്കൃതം, തമിഴ്

179. പ്രൊട്ടസ്റ്റന്റുകാർ കേരളത്തിൽ തുടങ്ങി വച്ച വിദ്യാഭ്യാസം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?

ഉ: ചർച്ച് മിഷൻ സൊസൈറ്റി

180. എന്തുകൊണ്ടാണ് ചാവറപിതാവിന്റെ കാലത്ത് കത്തോലിക്കർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നത് ?

**ഉ:** കത്തോലിക്കർ ഇംഗ്ലീഷ് പഠിച്ചാൽ, പ്രൊട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങൾ വായിച്ച് വഴിപിഴച്ചു പോകും എന്ന് ഭയപ്പെട്ടു.

181. ഞായറാഴ്ച പ്രസംഗം സുവിശേഷ വയനയ്ക്കുശേഷമോ, കുർബാനകഴിഞ്ഞോ നടത്തണമെന്ന് നിയമംമൂലം അനുശാസിച്ചത് ആര് ?

ഉ: വാഴ്ത്തപ്പെട്ട ചാവറപിതാവ്

182. ചാവറപിതാവ് ജപമാലയെ എങ്ങനെയാണ് വിശേഷിപ്പിച്ചത് ?

**ഉ:** ചരടിൽ തൂക്കിയിട്ട ബൈബിൾ.

183. ചാവറപിതാവ് ജപമാലയെ ചരടിൽ തൂക്കിയിട്ട ബൈബിൾ എന്നു വിശേഷിപ്പിക്കുവാൻ കാരണമെന്ത് ?

**ഉ:** ജപമാല രഹസ്യങ്ങളെല്ലാം ബൈബിൾ വിഷയങ്ങളായതിനാൽ

184. രൂപതയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ ചാവറപിതാവ് ആവിഷ്ക്കരിച്ച പദ്ധതി ഏത്?

**ഉ:** നൂറ്റിക്കഞ്ച് പിരിവ് ( ഓരോ പള്ളിയുടെയും ചെലവ് കഴിച്ച് ബാക്കിയുള്ള തുകയിൽ 5 ശതമാനം വീതം രൂപതാ കേന്ദ്രത്തിലേക്ക് കൊടുക്കുക)

185. പുണ്യാഭിവൃദ്ധിക്കായി തന്റെ സഭയിൽ ചാവറപിതാവ് നടപ്പിലാക്കിയ പദ്ധതി ഏത് ?

**ഉ:** ഒട്ടം കെട്ടുക (കുരിശിന്റെ ഒരു തിരുനാൾ മുതൽ അടുത്ത തിരുനാൾ വരെ ഏതെങ്കിലും ഒരു സുകൃതം നിശ്ചയിച്ച് അത് പ്രത്യേകവിധത്തിൽ അനുഷ്ഠിച്ച് കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു)

186. പാത്രിയാർക്കിസ് റോക്കോസ് മെത്രാനെ ബാഗ്ദാദിലേക്ക് തിരികെ വിളിച്ചപ്പോൾ പകരം ഏത് മെത്രാനെ കൊണ്ടു വരും എന്ന് പറഞ്ഞാണ് തൊണ്ടനാട്ട് അന്തോണിക്കത്തനാർ ബാഗ്ദാദിന് പോയത് ?

ഉ: മിഖായേൽ മെത്രാനെ

187. 1817 ൽ ചാവറയച്ചന്റെ ജീവിതത്തിൽ എന്ത് പ്രത്യേകതയാണ് ഉണ്ടായത് ?

ഉ: ആസ്തപ്പാട് പട്ടം കിട്ടി

188. കുര്യാക്കോസ് ശെമ്മാശനെ ലത്തീൻ പഠിപ്പിച്ചതാര് ?

ഉ: തങ്കിപ്പള്ളി വികാരിയായ മെയിൻ പാതിരി

189. പാലയ്ക്കൽ തോമാമല്പാന്റെ മരണശേഷം പൊതു മല്പാൻമാർ ആയിരുന്നവർ ആരെല്ലാം ?

ഉ: പോരൂക്കരയച്ചനും, ചാവറയച്ചനും

190. ചാവറയച്ചന്റെ ജീവിതത്തിൽ 1855 ഡിസംബർ 8 നുള്ള പ്രത്യേകത എന്തായിരുന്നു ?

ഉ: ആദ്യമായി വ്രതം ചെയ്ത ഭാരതീയനും സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളുമായി നിയുക്തനായി

191. ചാവറപിതാവിന്റെ ആദർശവാക്യമായി നിലകൊള്ളുന്ന സങ്കീർത്തന ഭാഗം ?

ഉ: കർത്താവാണെന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ് (സങ്കീ. 16)

192. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തനകേന്ദ്രം എവിടെയായിരുന്നു?

ഉ: കൂനമ്മാവ്

193. ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ പ്രധാനപങ്കുവഹിച്ച പാലയ്ക്കൽ തോമാമല്പാനുമായുള്ള സഹവാസം എത്രനാൾ ?

ഉ: 24 വർഷം

194. 1855 ഡിസംബർ 8 ന് ആദ്യമായി സഭയിൽ അംഗങ്ങൾ വ്രതം ചെയ്തപ്പോൾ സന്യാസഗണത്തിന്റെ തലവൻ ആരായിരുന്നു ?

ഉ: ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

195. തോമസ് റോക്കോസ് മെത്രാൻ കേരളത്തിൽ വന്നത് എന്ന് ?

ഉ: 1861 മെയ് 9 ന്

196. എവിടെ നിന്നാണ് റോക്കോസ് മെത്രാൻ വന്നത് ?

ഉ: ബാബേലിൽ നിന്ന്

197. 1861 ൽ കേരള സഭയിൽ ഉണ്ടായ പ്രശ്നം ഏത് പേരിലാണ് അറിയപ്പെടുന്നത് ?

ഉ: റോക്കോസ് ശീശ്മ

198. ദീപിക ദിനപ്പത്രത്തിന്റെ അച്ചടി 1939 ൽ മാന്നാനത്തുനിന്നും എവിടേക്ക് മാറ്റി ?

ഉ: കോട്ടയത്തേക്ക്

199. സംസ്കൃതവിദ്യാഭ്യാസം അത്യന്താപേക്ഷിതമായി ചാവറയച്ചന് തോന്നാൻ കാരണമെന്ത് ?

ഉ: ഇൻഡ്യയിലെ ക്ലാസിക് ഗ്രന്ഥങ്ങൾ എല്ലാം തന്നെ സംസ്കൃതത്തിൽ ആയിരുന്നു.

200. സംസ്കൃത സ്കൂളിൽ ചാവറയച്ചൻ നിയോഗിച്ച അദ്ധ്യാപകൻ?

ഉ: തൃശ്ശൂർ നിന്നുള്ള വാര്യർ

201. 1887 ൽ ഇംഗ്ലീഷ് സ്കൂൾ നിലവിൽ വന്നതെവിടെ ?

ഉ: മാന്നാനത്ത്

202. ഹരിജനങ്ങൾക്കുവേണ്ടി കേരളക്കരയിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് ആര്?

ഉ: ചാവറയച്ചൻ

203. ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന ആശയം ചാവറയച്ചൻ കേരളസഭയിൽ നടപ്പിലാക്കിയവർഷം ?

ഉ: 1864

204. ചാവറയച്ചൻ മാന്നാനത്ത് പ്രസ്സ് സ്ഥാപിച്ചത് എന്തിനുവേണ്ടി ?

ഉ: പ്രാർത്ഥനാപുസ്തകങ്ങളും പഠനസംബന്ധമായ പുസ്തകങ്ങളും മലയാളത്തിൽ അച്ചടിക്കുന്നതിന്

205. പൊതുവിദ്യാഭ്യാസരംഗത്തും മതവിദ്യാഭ്യാസരംഗത്തും ചാവറയച്ചൻ ഒരുപോലെ ശ്രദ്ധപതിപ്പിച്ചു എന്നതിന്റെ തെളിവ് എന്തായിരുന്നു?

ഉ: മാന്നാനത്തെ സംസ്കൃതവിദ്യാലയവും, ഒരു പള്ളിക്ക് ഒരു പള്ളിക്കൂടമെന്ന കല്പനയും

206. തപസ്സുഭവനം തുടങ്ങാൻ കിട്ടിയ അനുവാദത്തെക്കുറിച്ച് ചാവറയച്ചൻ എവിടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് ?

ഉ: നാളാഗമത്തിൽ (പേജ് - 3)

207. ചാവറപിതാവിന്റെ സമ്പൂർണ്ണകൃതികൾ എങ്ങനെയാണ് സമാഹരിച്ചിരിക്കുന്നത് ?

ഉ: നാളാഗമം, സാഹിത്യകൃതികൾ, ആദ്ധ്യാത്മികകൃതികൾ, കത്തുകൾ

208. വചനവേദിയിലെ സിംഹം എന്നറിയപ്പെട്ടിരുന്നത് ആര് ?

ഉ: ചാവറയച്ചൻ

209. ചാവറയച്ചൻ സി.എം.ഐ. സഭയുടെ പൊതുശ്രേഷ്ഠനായി എത്ര വർഷം ഭരണം നടത്തി ?

ഉ: 16 വർഷം

210. എന്നാണ് ചാവറയച്ചൻ കൂനമ്മാവിലേക്ക് സ്ഥിരതാമസം മാറ്റിയത് ? എന്തുകൊണ്ട് ?

ഉ: 1864 ൽ, വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക താല്പര്യപ്രകാരം

211. ദൈവസ്നേഹത്തിന്റെ ഒരു ചലിക്കുന്ന പ്രതിരൂപം എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?

ഉ: ചാവറയച്ചനെ

212. ബ്രദർ റോക്കി റ്റി.ഒ.സി.ഡി. തന്റെ ഡയറിയിൽ ചാവറപിതാവിനെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ ?

ഉ: ദൈവത്തെ ദർശിച്ചിരുന്ന മനുഷ്യൻ

213. ചാവറപിതാവും ലെയോപ്പോൾദ് മിഷനറിയും കണ്ടുമുട്ടിയത് എവിടെ വച്ച് ?

ഉ: കൂനമ്മാവിൽ വച്ച്

214. ലെയോപ്പോൾദ് മിഷനറിയുടെ ജന്മവർഷവും, ജന്മദേശവും ഏവ?

ഉ: ജന്മവർഷം - 1837, ജന്മദേശം - ഇറ്റലി

215. ഫാ. ലെയോപ്പോൾദ് ഇൻഡ്യയിൽ എത്തിയത് ഏത് വർഷം ?

ഉ: 1859

216. ലെയോപ്പോൾദ് മിഷനറി പുരോഹിതപട്ടം സ്വീകരിച്ചത് ഏത് വർഷം ? എവിടെ വച്ച് ?

ഉ: 1860, കൂനമ്മാവിൽവച്ച്

217. ഫാ. ലെയോപ്പോൾദ് ഇറ്റലിയിലേക്ക് മടങ്ങിപ്പോയത് ഏത് വർഷം?

ഉ: 1876

218. ഫാ. ലെയോപ്പോൾദ് മരിച്ച വർഷം ?

ഉ: 1914 ഏപ്രിൽ 22

219. കുനമ്മാവിലെ കർമ്മെലീത്താ മഠം സ്ഥാപിതമായത് ആരുടെ നാമത്തിൽ?

ഉ: വി. അമ്മത്രേസ്യായുടെ നാമത്തിൽ

220. സി. എം. സി. സന്യാസസഭാസ്ഥാപനത്തിന്റെ ലക്ഷ്യങ്ങളേവയായിരുന്നു?

ഉ: പെൺകുട്ടികളുടെ ആത്മീയകാര്യങ്ങൾ നിഷ്ഠയോടെ നടത്തുക, ക്രിസ്തീയപഠനങ്ങൾ വഴി ക്രിസ്തീയരൂപീകരണം നടത്തുക, ഒരു തൊഴിലഭ്യസിക്കുക

221. വാഴ്ത്തപ്പെട്ട ചാവറപിതാവ് സ്ഥാപിച്ച ആദ്യത്തെ ഉപവിശാല എവിടെ ?

ഉ: കൈനകരിയിൽ (ആലപ്പുഴ ജില്ല)

222. വാഴ്ത്തപ്പെട്ട ചാവറപിതാവ് സ്ഥാപിച്ച ആദ്യ കത്തോലിക്കാ അല്മായജീവകാരുണ്യസംഘടന എത് ?

ഉ: നൽമരണസഭ

223. സി.എം. സി.യുടെ പൂർണ്ണരൂപം എന്ത് ?

ഉ: കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ

224. സി.എം.ഐ. സഭയുടെ പൂർണ്ണരൂപം എന്ത് ?

ഉ: കാർമ്മെലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്

225. ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂകിയ രണ്ട് പ്രകാശരേണുക്കൾ?

ഉ: സത്യത്തോടുള്ള ആഭിമുഖ്യവും, സഹജരോടുള്ള നന്മയും

226. ചാവറപിതാവിന്റെ ഈശ്വരോന്മുഖതയുടെ പ്രത്യേകത എന്തായിരുന്നു?

ഉ: പരോന്മുഖത

227. ധ്യാനം എന്നത് എന്താണെന്നാണ് ചാവറയച്ചൻ പറയുന്നത് ?

ഉ: ധ്യാനം എന്നത് ദൈവത്തോടുള്ള സ്നേഹസംഭാഷണമാകുന്നു.

228. ചാവറയച്ചന്റെ കൃതികളിൽ മാനസികപ്രാർത്ഥനയുടെ നിറകുടം എന്ന് വിശേഷിപ്പിക്കുന്ന ഗ്രന്ഥം ?

ഉ: ധ്യാനസല്ലാപങ്ങൾ

229. ചാവറയച്ചൻ തന്റെ ഹൃദയത്തിൽ വസിക്കുന്ന ദൈവസുതന്റെ സാന്നിധ്യബോധത്തിനു സാക്ഷ്യം നൽകുന്ന ഗ്രന്ഥം ?

ഉ: ധ്യാനസല്ലാപം

230. ചാവറയച്ചന്റെ ആദ്ധ്യാത്മികജീവിതത്തിലെ ഡയറിക്കുറിപ്പുകൾ എന്നറിയപ്പെടുന്ന ഗ്രന്ഥം ?

ഉ: ധ്യാനസല്ലാപങ്ങൾ

231. ധ്യാനസല്ലാപത്തിൽ ചാവറയച്ചൻ അനേകതവണ ദൈവത്തെ അഭിസംബോധന ചെയ്യുന്ന പദം ?

ഉ: അപ്പാ, എന്റെ അപ്പാ.

232. പാപമുള്ള ഹൃദയത്തോട് ദൈവം ചേരാത്തതുകൊണ്ട് ധ്യാനിക്കുന്ന ആത്മാവ് ആദ്യം ചെയ്യേണ്ടത് എന്ത് ?

ഉ: പാപപ്പൊറുതി അപേക്ഷിക്കുക

233. ധ്യാനസല്ലാപത്തിന്റെ ഉള്ളടക്കം ?

ഉ: ഈശോയോടും, തന്റെ അമ്മയായ മറിയത്തോടും, ത്രേസ്യാപ്പുണ്യവതിയോടും ചാവറയച്ചൻ നടത്തുന്ന സ്നേഹസംഭാഷണം

234. നമുക്കുണ്ടാകുന്ന അനാരോഗ്യത്തിലും ബുദ്ധിമുട്ടുകളിലും എന്തു ചെയ്യാനാണ് ചാവറയച്ചൻ ആവശ്യപ്പെടുന്നത് ?

ഉ: ഇതൊക്കെയും കർത്താവിന്റെ പ്രവർത്തിയോടുചേർത്തു കാഴ്ചവയ്ക്കുക

235. സന്യാസജീവിതത്തെ ബലമുള്ളതാക്കുന്നത് എന്ത് ?

ഉ: അതിൽ ജീവിക്കുന്നവരുടെ പുണ്യം

236. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദു ?

ഉ: പരിശുദ്ധ കുർബാന

237. ചാവറയച്ചന്റെ അദ്ധ്യാത്മികതയുടെ പ്രധാനഘടകം ?

ഉ: അനുതാപത്തിന്റെ മനോഭാവം

238. നല്ല പുസ്തകങ്ങൾ എന്താണെന്നാണ് ചാവറപിതാവ് പറയുന്നത്?

ഉ: നിക്ഷേപങ്ങൾ

239. ചീത്തപുസ്തകങ്ങൾ എന്തിനു സമമാണ് ?

ഉ: വൈയ്ക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതിന്

240. പട്ടക്കാർക്കുവേണ്ടി എഴുതിയ ധ്യാനങ്ങൾ ഏവ ?

ഉ: ദൈവവിളിയിന്മേൽ ധ്യാനം ദൈവമനോഗുണങ്ങളിന്മേൽ

ധ്യാനം ചാവുദോഷത്തിന്മേൽ ധ്യാനം (രണ്ടച്ചന്മാരുടെ വേല) രണ്ട് യജമാനന്മാരെ സേവിക്കുക എന്നതിന്മേൽ ധ്യാനം ഭക്തി യില്ലാത്ത വൈദികന്റെ മരണം

241. പ്രാർത്ഥന ബുദ്ധിയുടെ പ്രവൃത്തി എന്നതിനേക്കാൾ ഏതിന്റെ പ്രവൃത്തിയാണ് ?

ഉ: ഹൃദയത്തിന്റെ

242. സ്വർഗ്ഗീയ തീർത്ഥാടനയാത്രയിൽ പൈശാചികമായ ആക്രമണം എത്രമേൽ ശക്തമായുണ്ടായാലും വിജയം വരിക്കുവാൻ എന്തു ചെയ്യണമെന്നാണ് ചാവറയച്ചൻ പറയുന്നത് ?

ഉ: നാഥനായ യേശുവിൽ ശരണം അർപ്പിക്കുക

243. ചാവറയച്ചന്റെ ആത്മാനുതാപം ഹൃദയാർദ്രവും ഭക്തിരസം നിറഞ്ഞു നിൽക്കുന്നതുമാണ് ഇതിനുദാഹരണം ?

ഉ: മാമകപിതാവു നീ ഭാഗ്യവുമെനിക്കു നീ മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ എന്നുടെ സ്നേഹം നീയേ എന്നുടെ ഭാഗ്യം നീയേ നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.

244. ഈശ്വരാനുഭൂതിയിൽ സ്വയം മറക്കുവാൻ അനുവാചകരെ പ്രേരി പ്പിക്കുന്ന ചാവറകൃതി ?

ഉ: ആത്മാനുതാപം

245. ചാവറപിതാവിന്റെ ജീവിതദർശനം മുഴുവൻ നിഴലിക്കുന്ന കൃതി?

ഉ: ആത്മാനുതാപം

246. ആത്മാനുതാപത്തിൽ എത്ര അദ്ധ്യായങ്ങളുണ്ട് ?

ഉ: 12

247. ചാവറയച്ചൻ മാതാവിനെ അഭിസംബോധന ചെയ്തിരിക്കുന്നത് എങ്ങനെ ?

ഉ: എന്റെ അമ്മ

248. ചാവറപിതാവിന്റെ മരിയ ഭക്തിയുടെ കാതൽ എന്ത് ?

ഉ: ദൈവത്തിന്റെ അമ്മ എന്റെയും അമ്മ

249. ചാവറയച്ചൻ തനിക്കു ലഭിച്ച ദൈവികദാനങ്ങൾ ഓരോന്നായി അനുസ്മരിക്കുന്ന ഗ്രന്ഥം ?

ഉ: ആത്മാനുതാപം

250. ഏത് കൃതിയെ മുൻനിർത്തിയാണ് ചാവറയച്ചൻ ആത്മാനുതാപം എന്ന കൃതി രചിച്ചത് ?

ഉ: ദൈവത്തിന്റെ നഗരം എന്ന സ്പാനിഷ് കൃതിയെ

251. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതി വിരചിക്കപ്പെട്ട സന്ദർഭം ?

ഉ: റോക്കോസ് ശീശ്മ ശക്തിപ്പെട്ട അവസരം

252. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യത്തിലെ പ്രമേയം ?

ഉ: സത്യവിശ്വാസത്തിനുവേണ്ടി വീരചരമം പ്രാപിച്ച ധീരവനിതയായ അനസ്താസ്യായുടെ കഥ

253. ചാവറയച്ചന്റെ കുടുംബവീക്ഷണം ഏറ്റവും പ്രത്യക്ഷമായി കാണുന്ന കൃതി ഏത് ? എന്ന് എഴുതി ?

ഉ: ഒരു നല്ല അപ്പന്റെ ചാവരുൾ, 1868 ൽ

254. കുടുംബത്തിലെ സർവ്വ വ്യാപാരങ്ങളെയും നിയന്ത്രിക്കേണ്ടത് എന്താണ് ?

ഉ: ദൈവഭയം

255. ..................അപമാനവും ദൈവസന്നിധിയിൽ നിന്ദ്യവുമാകുന്നു ?

ഉ: മദ്യപാനം

256. ഒരു നല്ല ക്രിസ്തീയ കുടുംബം എന്തിനു സാദൃശ്യമാകുന്നു ?

ഉ: സ്വർഗ്ഗരാജ്യത്തിന്

257. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ വീക്ഷണത്തിൽ സമാധാനവും നിത്യസൗഭാഗ്യവും അനുഭവിക്കാനുള്ള മാർഗ്ഗം ?

ഉ: ക്ഷമ

258. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ വീക്ഷണത്തിൽ ക്ഷമിക്കുവാൻ സാധിക്കുന്നത് ആർക്കാണ് ?

ഉ: മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിന് മാത്രം

259. ചാവറപിതാവിന്റെ വീക്ഷണത്തിൽ നീതിയുടെ മാനദണ്ഡം ?

ഉ: സ്നേഹം

260. സ്ത്രീശാക്തീകരണത്തിന് ചാവറപിതാവിന് ലഭിച്ച സ്വാധീനം ?

ഉ: തന്റെ അമ്മയുടെ സ്വാധീനം

261. കുടുംബത്തിന്റെ മണിവിളക്ക് ?

ഉ: സ്ത്രീ

262. കുട്ടികളെ എപ്പോൾ കുമ്പസാരിക്കാൻ പഠിപ്പിക്കണം എന്നാണ് ചാവറപിതാവ് പറയുന്നത് ?

ഉ: ഏഴുവയസ്സാകുമ്പോൾ

263. മക്കളോട് കാണിക്കുന്ന ഏത് കാര്യങ്ങളാണ് വലിയ തെറ്റാണെന്ന് ചാവറപിതാവ് പറയുന്നത് ?

ഉ: അധിക കാർക്കശ്യവും, അധിക വാത്സല്യവും

264. ഏറ്റവും സമ്പത്തുള്ള കുടുംബം ഏത് ?

ഉ: കടമില്ലാത്ത കുടുംബം

265. സൗഖ്യവും സന്തോഷവും ഉണ്ടാകുന്നത് ആർക്കാണെന്നാണ് ചാവറയച്ചൻ പറയുന്നത് ?

ഉ: തമ്പുരാനെ മാത്രം അന്വേഷിക്കുന്നവർക്ക്

266. ഇതിൽക്കവിഞ്ഞ ഒരു ഭാഗ്യം ഒരു തറവാടിനും ലഭിക്കാനില്ല ഏതിൽക്കവിഞ്ഞ് ?

ഉ: ആരോടും യാതൊരു വഴക്കും ഇല്ലാതിരിക്കുക, എല്ലാവരോടും സമാധാനമായി കഴിയുക

267. ഒരു കുടുംബത്തിന് വേണ്ട സന്തോഷവും സമാധാനവും പ്രയോജനവും ലഭിക്കുന്നത് ആരിൽ നിന്നാണ് ?

ഉ: ദൈവഭയവും ജീവിതക്രമവുമുള്ള ബന്ധുക്കളിൽ നിന്ന്

268. എങ്ങനെയുള്ളവരെയാണ് വീട്ടിൽ സൽക്കരിച്ചാദരിക്കേണ്ടത് ?

ഉ: മര്യാദക്കാരേയും ദൈവഭയമുള്ളവരേയും മാത്രം

269. അത് അന്തസ്സും അഭിമാനവുമുള്ളവർക്ക് ചേർന്നതല്ല ഏത് ?

ഉ: വേലയെടുക്കാതെ ഭക്ഷിക്കുന്നത്

270. സകല ദുർഗുണങ്ങളുടെയും മാതാവ് ഏത് ?

ഉ: അലസത

271. മനുഷ്യന്റെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും ഒരു വ്യക്തിക്ക് ദോഷം ചെയ്യുന്ന ദുശ്ശീലം ഏത് ?

ഉ: മദ്യപാനം

272. കച്ചവടം ചെയ്യുന്നവർ വളരെ സൂക്ഷിക്കേണ്ട രണ്ടു കാര്യങ്ങൾ ?

ഉ: കപടത ഒഴിവാക്കണം നീതി പുലർത്തണം

273. സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കുന്ന പണത്തിന് എന്തു സംഭവിക്കും ?

ഉ: മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും

274. ഒരുപോല്ലെ തിന്മയാകുന്നു എന്ന് ചാവറപിതാവ് പറയുന്ന രണ്ട് കാര്യങ്ങൾ ?

ഉ: പണം ധൂർത്തടിച്ചു ചിലവാക്കുന്നതും വേണ്ടതുപോലെ ചില വാക്കാത്തെ ലുബ്ധ് കാണിക്കുന്നതും.

275. ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമേത് ?

ഉ: വേലക്കാർക്ക് കൂലി കൊടുക്കാതിരിക്കുന്നതും താമസിപ്പിക്കുന്നതും.

276. ഒരു കുടുംബത്തിന്റെ സാക്ഷാൽ സമ്പത്ത് ദൈവഭയവും ഭക്തിയുമാണ് എന്ന് പറയുന്നത് എന്തുകൊണ്ട് ?

ഉ: ദൈവഭയമുള്ള ഏതു കുടുംബവും ഈ ലോകത്തിലും പരലേകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം നുകരും

277. നല്ല കുടുംബത്തിലെ എല്ലാ വെളിച്ചവും മറച്ചുവച്ചുകൊണ്ട് അതിനെ അന്ധകാരത്തിലാക്കുന്ന കാർമേഘപടലം ഏത് ?

ഉ: പരദൂഷണം

278. അപമാനത്തിനും ആത്മനാശത്തിനും വഴിയൊരുക്കുന്നതെന്ത് ?

ഉ: അന്തസ്സിനുചേരാത്ത അടക്കമൊതുക്കമില്ലായ്മ

279. കടമുള്ള ദിവസങ്ങളെ എങ്ങനെ ആചരിക്കണം ?

ഉ: വിശുദ്ധ കുർബാനയിൽ സംബന്ധിക്കുക, നല്ല കാര്യങ്ങൾ ചെയ്യുക, നല്ല ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക, ദൈവവചനം ശ്രവിക്കുക, രോഗികളെ ചെന്ന് കാണുക, ആത്മാവിനുതകുന്ന സത്ക്കർമ്മങ്ങൾ യഥാവിധി അനുഷ്ഠിക്കുക

280. കുടുംബ പ്രാർത്ഥനയെക്കുറിച്ച് ചാവറപിതാവ് നൽകുന്ന ഉപദേശമെന്താണ് ?

ഉ: കുടുംബത്തിൽ എത്ര വലിയ വിശിഷ്ടാതിഥികൾ ഉണ്ടായിരുന്നാൽ തന്നെയും കുടുംബ പ്രാർത്ഥന മുടക്കരുത്

281. മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ എന്താണ് ?

ഉ: മക്കളെ വേണ്ടവിധം വളർത്തുക

282. വിലയേറിയ ആത്മാക്കളായ മക്കളെ എന്തിനാണ് മാതാപിതാക്കൾക്ക് ഭരമേല്പിച്ചിരിക്കുന്നത് ?

ഉ: ഈശോമിശിഹായുടെ തിരുരക്തം കൊണ്ട് അവരെ വിശുദ്ധീകരിക്കുന്നതിനായി, ഈശോയുടെ യഥാർത്ഥ ശുശ്രൂഷികളാകുന്നതിനായി, അന്തിമവിധിനാളിൽ കേടുപാടുകൂടാതെ അവരെ തിരികെ ഏൽപ്പിക്കുന്നതിനായി

283. മക്കളെ നന്നാക്കുന്നതിന് പകരം, ചീത്തയാക്കാൻ ഇടയാക്കുന്ന കാര്യം ഏത് ?

ഉ: മക്കളെ ശകാരിക്കുമ്പോൾ അസഭ്യവചനങ്ങളുപയോഗിക്കുന്നത്.

284. കുടുംബത്തിൽ മക്കൾക്ക് നല്ല മാതൃക കാണിച്ചുകൊടുക്കുവാൻ മുൻകൈയെടുക്കേണ്ടവർ ആര് ?

ഉ: മാതാപിതാക്കന്മാർ

285. സന്ധ്യക്ക് പള്ളിയിൽ കുരിശുമണി അടിക്കുമ്പോൾ എന്തുചെയ്യാനാണ് ചാവറപിതാവ് ആവശ്യപ്പെടുന്നത് ?

ഉ: മക്കളെല്ലാവരും വീട്ടിലുണ്ടായിരിക്കണം, സന്ധ്യാനമസ്ക്കാരം ചൊല്ലണം. അതുകഴിഞ്ഞ്, സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തണം

286. നരകത്തിന് പറ്റിയ ചട്ടവും സൂത്രവും ഏത് ?

ഉ: പ്രായമായ പെൺകുട്ടികളെ പെരുന്നാൾ ആഘോഷത്തിനും മറ്റും തോന്ന്യാസം തുള്ളുവാൻ, അണിയിച്ചൊരുക്കി അയയ്ക്കുന്നത്

287. ആത്മാക്കളിൽ നരകതീ കത്തിച്ചു പിടിപ്പിക്കുവാൻ കാരണമാകുന്ന സംഗതികൾ ?

ഉ: നാട്ടുനടപ്പ്, തറവാട്ടുമഹിമ, ലോകബഹുമാനം, സാമ്പത്തികസ്ഥിതി എന്നീ കാരണങ്ങളിൽ കുടുങ്ങി പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിയുന്ന തരത്തിൽ ആടയാഭരണങ്ങൾ അണിയിച്ച് അഹങ്കാരത്തിന്റെ പ്രതീകമായി പെൺകുട്ടികളെ നടത്തുന്നതും.

288. ഒരു പെൺകുട്ടിയുടെ ഏറ്റവും വലിയ ആഭരണം ?

ഉ: അവളുടെ ചാരിത്ര്യം

289. കാരണവന്മാരുടെ മരണശേഷം ഉണ്ടാകാവുന്ന വഴക്കുകൾ തർക്കങ്ങൾ മുതലായ പാപങ്ങൾ ഒഴിവാക്കാൻ അവർ എന്തുചെയ്യണം?

ഉ: കാരണവന്മാർ മരിക്കുന്നതിന് മുമ്പ് മക്കൾ വേറെ വേറെ മാറി താമസിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തു കൊടുക്കുക. സുബോധമുള്ളപ്പോൾ തന്നെ വസ്തുക്കൾ ഭാഗം ചെയ്തുവയ്ക്കുക മരിക്കുന്നതിന് മുൻപ് മക്കളെ അത് ഏൽപിക്കുക.

290. ദൈവപ്രമാണത്താൽ തന്നെ നിങ്ങളിതിനു കടപ്പെട്ടവരാണെന്ന കാര്യം വിസ്മരിക്കരുത് ഏതിന്?

ഉ: നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിക്കണം, അവരുടെ മനസ്സിനെ വേദനിപ്പിക്കരുത് എന്നതിന്

291. കുടുംബത്തെക്കുറിച്ചുള്ള ചാവറപിതാവിന്റെ അടിസ്ഥാനപരമായ ദർശനം എന്ത് ?

**ഉ:** ഓരോ കുടുംബത്തെയും ഭൂമിയിലെ സ്വർഗ്ഗരാജ്യത്തിന്റെ പകർപ്പാക്കുക

292. ഒരു കുഞ്ഞ് ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കാനുള്ള തന്റെ കഴിവ് ആദ്യമായി ഉപയോഗപ്പെടുത്തുന്നത് എവിടെയാണ്?

**ഉ:** കുടുംബത്തിൽ

293. ഇളകിപ്പോകാത്ത കുറ്റികളായി ചാവറപിതാവ് മനസ്സിൽ കരുതുന്ന കാര്യങ്ങൾ എന്തെല്ലാം ?

**ഉ:** ഇടവകയും, തറവാടും, കാരണവന്മാരും

294. കുടുംബത്തെ കുടുംബമായി നിലനിർത്തുന്ന ഘടകങ്ങൾ എന്തെല്ലാം ?

**ഉ:** സ്നേഹം, സമാധാനം, ത്യാഗം, പ്രാർത്ഥന, പരസ്പര ധാരണ

295. മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കുവേണ്ടി ദുഃഖിക്കുന്നു. ആ തിരുച്ചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു. ഈ വാക്കുകൾ ചാവറപിതാവിന്റെ ഏത് കൃതിയിൽ നിന്നാണ് ?

**ഉ:** ധ്യാനസല്ലാപങ്ങൾ

296. ചാവറപിതാവിനെ സമകാലീനർ വിശേഷിപ്പിച്ചിരുന്നത് എങ്ങനെ?

**ഉ:** പരിശുദ്ധാത്മാവ് നിറഞ്ഞവൻ, സന്യാസദർശനക്കാർക്ക് ഉത്തമമാതൃക

297. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള സ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ എന്തു ചെയ്തുവെന്നാണ് ജോൺപോൾ മാർപാപ്പ എടുത്തുപറഞ്ഞത് ?

**ഉ:** ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി ശക്തി പകർന്നു.

298. കേരള ഗവർണ്ണറായിരുന്ന ബ. പി. രാമചന്ദ്രൻ ചാവറപിതാവിന്റെ വ്യക്തിത്വത്തെ വിശേഷിപ്പിക്കുന്നത് എപ്രകാരമാണ് ?

**ഉ:** അരശതാബ്ദം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്യലോകത്ത് അമർത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.

299. ചാവറയച്ചൻ ഏത് വർഷം മുതൽ എഴുതിയ നാളാഗമങ്ങൾ ആണ് ഉള്ളത് ?

**ഉ:** 1829 മുതൽ

300. ഈ നാട്ടിൽ വല്ല ചാവറയോ മറ്റാരോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത് അയാളുടെ തുകൽവാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും എന്ന് വാഴ്ത്തപ്പെട്ട ചാവറപിതാവിനെക്കുറിച്ച് പറഞ്ഞതാര് ?

**ഉ:** നവീകരണ മാർത്തോമ്മാ സഭയുടെ മെത്രാൻ, മാർ മാത്യു അത്തനാസിയൂസ്

301. എന്റെ കുഞ്ഞേ മെത്രാൻപട്ടം കിട്ടണമെന്ന് എനിക്കാഗ്രഹമില്ല നിത്യരക്ഷ ലഭിക്കണമെന്നുമാത്രമാണ് ആഗ്രഹം. ഇത് ചാവറ പിതാവ് ആരോട് ഏത് സന്ദർഭത്തിൽ പറഞ്ഞു ?

**ഉ:** ചാവറപിതാവിനെ മെത്രാനാക്കാം എന്നുള്ള റോക്കോസിന്റെ രഹസ്യ കത്ത് കൊണ്ടുവന്ന ശെമ്മാശനോട് ചാവറപിതാവ് പറഞ്ഞു. (നാളാഗമങ്ങൾ പേജ് 191)

302. തീക്കുന്തംപോലെ കുത്തും കോപാഗ്നി തടുക്കുവാൻ ത്രിലോക നാഥേ, തവ കാപ്പയാം (മേലങ്കി) മറയ്ക്കമാം ഈ വരികൾ ചാവറപിതാവിന്റെ ഏത് കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് ?

**ഉ:** ആത്മാനുതാപം

303. സന്യാസാന്തസ്സ് എന്താണെന്നാണ് വാഴ്ത്തപ്പെട്ട ചാവറപിതാവ് പറയുന്നത് ?

ഉ: പുണ്യത്തിന്റെ പദവികൾ കയറി ഈശോ തമ്പുരാനോട് ചേരുന്നതാണ് സന്യാസാന്തസ്സ്

304. സന്യാസാന്തസ്സിനടുത്ത പുണ്യങ്ങൾ ഏവ ?

**ഉ:** എളിമ, ചൊൽവിളി, സന്യാസ അടക്കം, സത്യമായ ഭക്തി.

305. സന്യാസിയുടെ ഏകമായ അടയാളം ഏതെന്നാണ് ചാവറപിതാവ് തന്റെ അന്ത്യസന്ദേശത്തിൽ സഹസന്യാസികളോട് പറഞ്ഞത് ?

**ഉ:** സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയാണ് സന്യാസിയുടെ ഏകമായ അടയാളം

306. സന്യാസാന്തസ്സിന്റെ പദവികൾ കയറി ഈശോ തമ്പുരാനോട് ചേരുവാൻ തക്ക അഭ്യാസപുസ്തകം ഇന്നുതന്നെ ഈശോമിശിഹാ നിങ്ങൾക്കായി ഞാൻ അന്വേഷിക്കാതെ അയച്ചിരിക്കുന്നു. ചാവറപിതാവ് ഏത് പുസ്തകത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

**ഉ:** കന്യകകളിൽ അനുചാരം എന്ന തമിഴ്പുസ്തകത്തെക്കുറിച്ച്. (സമ്പൂർണ്ണകൃതികൾ വാല്യം 4)

307. ഇന്ന് മലയാളത്തിന്റെ കൊടി വീണിരിക്കുന്നു ആര് ആരെക്കുറിച്ച് പറഞ്ഞതാണ് ഈ വാക്കുകൾ ?

**ഉ:** ചാവറപിതാവിന്റെ മൃതസംസ്ക്കാരവേളയിൽ ചരമപ്രസംഗം നടത്തിയ പ്രസിദ്ധ പ്രാസംഗികൻ കാപ്പിൽ ബ. മത്തായി മറിയം അച്ചൻ പറഞ്ഞത്

308. ചാവറപിതാവിന്റെ മരണത്തിനു ശേഷമുള്ള ദിനങ്ങളിൽ കർമ്മെലീത്താസഭ പ്രദർശിപ്പിച്ച ദുഃഖത്തെക്കുറിച്ച് പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതെങ്ങനെ ?

**ഉ:** ഈ ദിനങ്ങളിൽ ഇടയനില്ലാത്ത ആടുകളെപ്പോലെയും അപ്പനില്ലാത്ത മക്കളെപ്പോലെയും ക്രമം കാക്കുന്നതിൽ ഒഴികെ ഏവരും വലിയ വിഷാദത്തിലും ദുഃഖത്തിലും ആയിരുന്നു.

309. ചാവറപിതാവിനുശേഷം കർമ്മെലീത്താസഭയുടെ പ്രിയോരായി ചുമതലയേറ്റത് ആര് ?

**ഉ:** പെ. ബ. പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചൻ

310. ഒരു വിശുദ്ധനെ ജനിപ്പിക്കുവാൻ പ്രസവശേഷിയില്ലാത്ത സ്ത്രീയായിത്തീർന്നിരിക്കുന്നു ഭാരത സഭ ആരുടെ വാക്കുകൾ?

**ഉ:** ചാവറപിതാവിന്റെ

311. ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനെന്ന് വിളിക്കുന്നതിനുള്ള നാമകരണനടപടികളുടെ തിരുസംഘത്തിന് എത്ര രേഖകൾ ശേഖരിച്ചു നല്കി ?

**ഉ:** 210

312. ചാവറയച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കേരളസഭയിലെ അദ്ദേഹത്തിന്റെ സ്ഥാനത്തെക്കുറിച്ചും വേറെ എത്ര രേഖകൾ ഉണ്ട് ?

**ഉ:** 12

313. ഈ രേഖകൾ എന്തിനെ തെളിയിക്കുന്നു ?

ഉ: അദ്ദേഹത്തിന്റെ ജീവിതം തിരുസഭാകേന്ദ്രീകൃതമായിരുന്നുവെന്ന് തെളിയിക്കുന്നു.

314. ഏത് വർഷമാണ് ഈ രേഖകൾ തിരുസംഘത്തിന് നല്കിയത് ?

**ഉ:** 1971 ൽ

315. മാർപാപ്പയ്ക്കും, കർദ്ദിനാൾമാർക്കും, മെത്രാന്മാർക്കും, വൈദികർക്കും, സന്യാസിസന്യാസിനികൾക്കും, അൽമായർക്കുമായി എത്ര കത്തുകളും സർക്കുലറുകളും എഴുതി ?

**ഉ:** 15

316. സഭയിൽ ഏകീകരണവും, യോജിപ്പും, പുനരൈക്യവും ഉണ്ടാകാൻ എന്തുവേണമെന്നായിരുന്നു ചാവറയച്ചന്റെ ആഗ്രഹം?

ഉ: സ്വന്തം സമൂഹത്തിൽ നിന്നും ഒരു മെത്രാനെ ലഭിക്കുക

317. ഒന്നാം വത്തിക്കാൻ സൂനഹദോസിലേക്ക് യാക്കോബായ മെത്രാന്മാരേയും ക്ഷണിക്കാൻ വികാരി അപ്പസ്തോലിക്കവഴി നേതൃത്വമെടുത്തതാര് ?

ഉ: ചാവറയച്ചൻ

318. ചാവറയച്ചൻ സഹിച്ചിരുന്ന അസുഖങ്ങൾ ഏവ ?

ഉ: വാതപ്പനിയും, അന്ധതയും

319. ചാവറയച്ചൻ രോഗശയ്യയിൽ സഭയേയും അംഗങ്ങളെയും ആർക്ക് പ്രതിഷ്ഠിച്ചു ?

ഉ: തിരുക്കുടുംബത്തിന്

320. ചാവറയച്ചന്റെ ആത്മീയപിതാവ് ലെയോപ്പോൾദ് മിഷനറി പിതാവിന്റെ ഉപയോഗവസ്തുക്കൾ ഓരോ ആശ്രമത്തിലേക്കും നല്കി എന്ത് ആരംഭിച്ചു. ?

ഉ: നാമകരണനടപടികൾ

321. നാമകരണനടപടികൾക്ക് പിന്നീട് മുടക്കം വന്നതെന്തുകൊണ്ട് ?

ഉ: 1875 ൽ ലെയോപ്പോൾദ് മിഷനറി ഇറ്റലിക്ക് മടങ്ങിപ്പോയതുകൊണ്ട്

322. സി.എം.ഐ. സഭയുടെ പൊതുസംഘം ഔദ്യോഗികമായി എന്ന് നാമകരണനടപടികൾ ആരംഭിച്ചു ?

ഉ: 1936 ൽ

323. 1953 ൽ ഓറിയന്റൽ സഭകളുടെ അദ്ധ്യക്ഷനും കൂടിയായ കാർഡിനൽ യൂജിൻ ടിസറാംഗ് നാമകരണനടപടികൾ ആരംഭിക്കുവാൻ ആരോട് ആവശ്യപ്പെട്ടു ?

ഉ: അന്നത്തെ പ്രിയോർ ജനറലിനോട്

324. ചാവറയച്ചന്റെ നാമകരണത്തിന് റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതിയെന്നു ലഭിച്ചു ?

ഉ: 1955 ൽ

325. നാമകരണനടപടികൾക്കായുള്ള ചരിത്രകമ്മീഷനെ ആരു എന്ന് നിശ്ചയിച്ചു ?

ഉ: ചങ്ങനാശ്ശേരി മെത്രാൻ മാർ മാത്യു കാവുകാട്ട്, 1957 ൽ

326. ചാവറയച്ചന്റെ ജീവിതത്തേയും വിശുദ്ധിയേയും കുറിച്ച് പഠിക്കാൻ ട്രൈബ്യൂണൽ എന്ന് നിയമിച്ചു ?

ഉ: 1962 ൽ

327. ഇതിന് എത്ര സെഷനുകളും സാക്ഷികളുമുണ്ടായിരുന്നു ?

ഉ: 501 സെഷനുകളും 104 സാക്ഷികളും

328. ഇതിന്റെ ലത്തീൻ പരിഭാഷ എന്നു നടത്തി. ?

ഉ: 1967 ൽ

329. ട്രൈബ്യൂണലിന്റെ പ്രസിഡണ്ട് ആരായിരുന്നു. ?

ഉ: ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ.

330. ഈ രേഖകൾ ആര് എന്ന് ഒപ്പു വച്ചു ?

ഉ: ചങ്ങനാശ്ശേരി അതിരൂപതാ മെത്രാൻ മാർ ആന്റണി പടിയറ 1971 ൽ

331. 1971 ൽ ഈ രേഖകൾ എവിടെ സമർപ്പിച്ചു ?

ഉ: റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിന്

332. സംഘം രേഖകൾ എന്ന് ഉറപ്പു വരുത്തി ?

ഉ: 1973 ൽ

333. പൊസിസിയോ എന്ന ആധികാരിക രേഖ തിരുസംഘത്തിന് എന്ന് സമർപ്പിച്ചു ?

ഉ: 1977 ൽ

334. ദൈവദാസനായ ചാവറയച്ചൻ വഴി നടന്ന എത്ര അത്ഭുതങ്ങൾ റോമിൽ സമർപ്പിച്ചു ?

ഉ: 3 അത്ഭുതങ്ങൾ

335. എത്ര അത്ഭുതങ്ങൾ പഠനവിഷയമാക്കി ?

ഉ: ഒരെണ്ണം

336. ഇത് അത്ഭുതമാണെന്ന് എന്ന് പ്രഖ്യാപിച്ചു. ?

ഉ: 1985 ൽ

337. ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ നാമനിർദ്ദേശം ചെയ്ത വിശുദ്ധരെക്കുറിച്ചുള്ള നടപടികളുടെ തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ പീറ്റർ പലസ്സീനിയുടെ സന്ദേശം എന്ത് ?

ഉ: ജീവിതകാലം മുഴുവൻ അനുതാപ ചിന്തയാൽ ഉരുകിയിരുന്ന ചാവറയച്ചൻ മാമോദീസായിൽ സ്വീകരിച്ച ദൈവവരപ്രസാദം

നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു എന്നു പറഞ്ഞു കൊണ്ട് മരണത്തെ അഭിമുഖീകരിച്ചത്. പാപബോധമില്ലാത്ത ആധുനിക ലോകത്തിന് അദ്ദേഹം ഒരു ചോദ്യചിഹ്നമാണ് .

338. എന്തെല്ലാം കാരണങ്ങൾ സന്യാസജീവിതത്തെ തകർക്കുന്നതിന് കാരണമല്ല എന്നാണ് ചാവറയച്ചൻ പറഞ്ഞത് ?

ഉ: മനുഷ്യരുടെ പീഡനങ്ങൾക്കൊ, സൃഷ്ടികളുടെ എതിർപ്പിനൊ സാധ്യമല്ല

339. മാന്നാനം കുന്നിൽ ആദ്യം കാട് വെട്ടി തെളിച്ചത് എന്നാണ് ?

ഉ: വലിയ നോമ്പിൽ പെസഹായുടെ തലേദിവസങ്ങളിൽ

340. പഠനമില്ലാത്തവർ ആരായിരിക്കുമെന്നാണ് ചാവറയച്ചൻ എഴുതിയിട്ടുള്ളത് ?

ഉ: ജ്ഞാനകുരുടന്മാർ

341. ചാവറയച്ചന്റെ മാതാപിതാക്കന്മാരുടെയും ഏകസഹോദരന്റെയും മരണം ഏത് കാലഘട്ടത്തിലായിരുന്നു ?

ഉ: 1819 – 1824

342. ചാവറയച്ചൻ ആദ്യബലിയർപ്പിച്ചത് ഏത് പള്ളിയിൽ ? എന്ന് ?

ഉ: ചേന്നങ്കരിപള്ളിയിൽ, 1829 നവംബർ 30

343. ചാവറയച്ചന്റെ ആദ്യധ്യാനപ്രസംഗം എന്ന് എവിടെ നടത്തി ?

ഉ: 1830 മാർച്ച്, പുളിങ്കുന്നിൽ

344. 1861 ൽ ഏത് മാർപാപ്പായാണ് ചാവറപിതാവിന് ലത്തീൻ ഭാഷയിൽ കത്തയച്ചത് ?

ഉ: 9–ാം പീയൂസ് മാർപാപ്പ

345. മാന്നാനത്തെ ആശ്രമത്തെ മുറപ്രകാരം ഒരു സന്യാസസഭയായി അംഗീകരിച്ചുറപ്പിച്ചത് ഏത് മെത്രാനായിരുന്നു. ?

ഉ: ബർണ്ണർദീനോസ് ദെസാന്തത്രേസ്യാ മെത്രാൻ

346. അദ്ദേഹത്തിന്റെ (റോക്കസ് മെത്രാന്റെ) അധികാര ചിഹ്നത്തിനടുത്ത മോതിരം ഞാൻ മുത്തുകയില്ല. കാരണം ശുദ്ധപള്ളിയുടെ അനുവാദംകൂടാതെ വന്നിരിക്കയാൽ ആ മോതിരം മുത്തുമ്പോൾ തെറ്റുചെയ്തവനെ ഞാനും അനുകൂലിക്കുന്നു എന്നു വരുന്നതിനാൽ ആയതുചെയ്യാൻ പാടില്ല. പക്ഷെ മോതിരം മാറ്റിയാൽ കയ്യോ, കാലോ, എളിമ എന്ന പുണ്യത്തെപ്രതി മുത്തിക്കൊള്ളാം ഇത് എവിടെ രേഖപ്പെടുത്തിയിരിക്കുന്നു ?

ഉ: ചാവറയച്ചന്റെ നാളാഗമം, പേജ് 207

347. പ്രകാശമില്ലാതെ ലോകത്തിലുള്ള വസ്തുക്കൾ കാണാൻ കഴിയാത്തതുപോലെ പഠനമെന്ന വെളിച്ചം കൂടാതെ പരലോകത്തെയും അതിൽ വസിക്കുന്ന ദൈവത്തെയും അറിയാൻ കഴിയില്ല ഇത് എവിടെ പറഞ്ഞിരിക്കുന്നു ?

ഉ: ചാവറയച്ചന്റെ കത്തുകൾ, പേജ് - 129

348. സർവ്വേശ്വരൻ, നമ്മുടെ കർത്താവ് എങ്ങിനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ചു നടത്തുന്നു എന്നോർപ്പിൻ. അതായത് തമ്പുരാനെ നാം സ്നേഹിക്കണമെന്നുള്ള മനസ്സ് നമ്മുടെ ഹൃദയത്തിൽ ഉണ്ടെന്ന് താൻ കണ്ടാൽ എത്രയോ സന്തോഷത്തോടുകൂടെ നമുക്ക് വേണ്ടിയിരിക്കുന്നതൊക്കെയും താൻ അന്വേഷിക്കും എന്ന് കാണ്മിൻ. ഇതായത് ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ് എങ്ങിനെ എന്ന് വിചാരിക്കുമ്പോൾ നടത്തുവാൻ വേണ്ടിയിരിക്കുന്നതൊക്കെയും അല്പം ബുദ്ധിമുട്ട് കൂടാതെ ദൈവം നിറവേറ്റുന്നു ഇത് ആർക്കെഴുതിയ കത്തിലാണ്? എന്നെഴുതി ? ഏത് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു ?

ഉ: ചാവറയച്ചൻ കൂനമ്മാവ് മഠത്തിലെ സിസ്റ്റേഴ്സിന്, 1870 ഏപ്രിൽ 4 ന്, ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം - 4, കത്തുകൾ പേജ് - 118

349. ചാവറയച്ചനെ മെത്രാനായി അഭിഷേകം ചെയ്യാൻ ആര് എന്ന് ആർക്ക് എഴുതി ?

ഉ: വരാപ്പുഴ് വികാരി അപ്പസ്തോലിക്ക ബർണ്ണർദീനോസ് മെത്രാപ്പോലീത്താ, 1861 ജൂൺ 15 ന് പ്രൊപ്പഗാന്ത തിരുസംഘത്തിന് എഴുതി

350. മാർ തോമാശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതുവരെ വന്ധ്യയായിരിക്കുകയും പിന്നെ സത്യവേദം കൈക്കൊണ്ട പല പല നാടുകളിലും ദ്വീപുകളിലും പല വിശുദ്ധർ ഉണ്ടായിരിക്കുന്നു ആര് എഴുതിയത്? ഏത് പുസ്തകത്തിൽപെടുത്തിയിരിക്കുന്നു ?

ഉ: ചാവറയച്ചൻ എഴുതിയത്, നാളാഗമം (പേജ് - 173)

351. ചാവറയച്ചൻ പ്രിയോർ മാവ് എന്ന് എവിടെ വളർത്തി ?

ഉ: 1870 ൽ, കൂനമ്മാവിൽ

352. 1972 ൽ കൂനമ്മാവിലെ പ്രിയോർ മാവ് ഉണങ്ങിപ്പോയപ്പോൾ എന്തുചെയ്തു ?

ഉ: തടി മുറിച്ച് കഷണങ്ങളാക്കി സി.എം.ഐ., സി.എം.സി. എന്നീ സ്ഥാപനങ്ങൾക്ക് ഓർമ്മയ്ക്കായി നല്കി.

353. ചാവറയച്ചന്റെ മരണക്കിടക്കയിലെ അന്ത്യവാക്കുകൾ ഏവ ?

ഉ: മാമ്മോദീസായിൽ എനിക്ക് കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയാക്കിയിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു.

354. ചാവറയച്ചൻ നാളാഗമം എവിടെ വച്ച് ആദ്യം എഴുതി ?

ഉ: മാന്നാനം ആശ്രമത്തിൽ വച്ച്

355. ചാവറപിതാവ് മരിക്കുന്നതുവരെ കാത്തുസൂക്ഷിച്ചിരുന്ന തിരുക്കുടുംബചിത്രം എവിടെ അച്ചടിച്ചു? ഇപ്പോൾ എവിടെ സൂക്ഷിച്ചിരിക്കുന്നു ?

ഉ: ഫ്രാൻസിൽ അച്ചടിച്ചു, മാന്നാനത്ത് ചാവറപിതാവിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നു.

356. മർസ്ലീനോസ് മിഷനറി എഴുതിയ ഒരു ഗ്രന്ഥം അദ്ദേഹം സമർപ്പിച്ചിരിക്കുന്നത് ചാവറയച്ചനാണ് ഏതാണ് ആ ഗ്രന്ഥം ?

ഉ: വിശുദ്ധ വലിയ ത്രേസ്യായുടെ ചരിത്രം

357. ചാവറയച്ചന്റെ ശാരീരിക മാനസിക സഹനങ്ങൾ ഏവയായിരുന്നു?

ഉ: മാതാപിതാക്കളുടെയും ഏകസഹോദരന്റെയും അകാലമരണവും, ആസ്തപ്പാട് പട്ടം സ്വീകരിച്ച് എത്തിയ ചാവറ ശെമ്മാശ്ശനെ ഇടവകക്കാരും വികാരിയച്ചനും പള്ളികയറ്റം സമ്മതിക്കാത്തതും

## ചാവറയച്ചൻ കുട്ടികൾക്ക് നല്കിയ ഉപദേശങ്ങൾ

1. മക്കളെ നിങ്ങൾ മാതാപിതാക്കളുടെ കൈകളിലെ ദൈവനിക്ഷേപമാകുന്നു
2. ദൈവസ്നേഹവും, ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.
3. അമ്മയിൽ ആശ്രയിക്കുക അമ്മയുടെ അപേക്ഷ കുഞ്ഞിന്റെ അപേക്ഷപോലെ ദൈവം കേൾക്കും.
4. വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയ ഭക്ഷണമാകണം

5. കൃത്യമായി സ്കൂളിൽ പോകുകയും പഠിപ്പിക്കുന്നവ ആഴ്ച തോറും ഓർമ്മ പുതുക്കുകയും ചെയ്യുക.
6. മടി സർവ്വ ദുർഗുണങ്ങളെയും വളർത്തുന്നു.
7. ദൈവസ്നേഹികളാകട്ടെ നിങ്ങളുടെ കൂട്ടുകാർ
8. നല്ല കൂട്ടുകാർ നിങ്ങളെ നല്ലവരാക്കും.
9. ചീത്തപുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈയ്ക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതുപോലെയാകുന്നു
10. പതിവായി സൽഗ്രന്ഥങ്ങൾ വായിച്ചു ധ്യാനിക്കുക. അത് ബുദ്ധിയെ പ്രകാശിപ്പിക്കും.
11. സമയക്രമീകരണത്തിലൂടെ കൃത്യനിഷ്ഠരാകുക
12. മോശമായ സാഹചര്യങ്ങളിൽപെട്ടാൽ മാലാഖമാരായ നിങ്ങളെ പിശാചുക്കളായി മാറ്റും
13. നിങ്ങൾ സന്ധ്യക്കുമുമ്പേ വീട്ടിൽ എത്തി സന്ധ്യാ നമസ്ക്കാരങ്ങളിൽ പങ്കുചേരണം.
14. പ്രായത്തിനടുത്ത വസ്ത്രധാരണവും ആത്മവിശുദ്ധിയും ഉള്ളവരാകണം
15. അമിതമായ വേഷാലങ്കാരം നിങ്ങളെ തിന്മയിലേക്കേ നയിക്കൂ.
16. നിങ്ങളുടെ കഴിവ് ജീവിതക്രമത്തിലും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിലുമായിരിക്കട്ടെ
17. നിങ്ങൾ സത്യത്തേയും നീതിയേയും സ്നേഹിക്കണം
18. വഞ്ചനകൊണ്ടും കളവുകൊണ്ടും സമ്പാദിച്ചവ മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും
19. നിങ്ങളുടെ അറിവിനും പ്രായത്തിനും അനുസരിച്ചുള്ള തൊഴിൽ ചെയ്യണം
20. മറ്റുള്ളവർക്ക് നന്മ ചെയ്യാത്ത ദിവസം നിന്റെ ജീവിതത്തിൽ ഉണ്ടാകാതിരിക്കട്ടെ
21. നിങ്ങളെ ഒരാൾ അപമാനിച്ചു, നിങ്ങളോട് വഴക്കുകൂടി എന്നതൊക്കെയും വാശിയും വൈരാഗ്യവും വർദ്ധിപ്പിക്കുവാൻ കാരണമാകരുത്
22. പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്
23. നിങ്ങളുടെ ജീവിതാന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവവും തിരഞ്ഞെടുക്കുന്നത് നിങ്ങളുമാണ്

24. നിങ്ങൾ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവഗുണവും ജീവിതമര്യാദകളും ഉള്ളവരെ തിരഞ്ഞെടുക്കുക
25. നിങ്ങൾ പ്രായത്തിലും പ്രാപ്തിയിലും എത്തിയാലും മാതാപിതാക്കൾക്കു കൊടുക്കേണ്ട അംഗീകാരവും വിധേയത്വവും നൽകണം
26. സ്വന്തം സഹോദരങ്ങളെ വെറുക്കരുത്
27. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കുക മക്കളുടെ കടമയാണ്.
28. നിങ്ങളെ ഓർത്ത് മാതാപിതാക്കൾ കണ്ണീർ വീഴ്ത്താൻ ഇടവരരുത്. അവരെ വേദനിപ്പിച്ചാൽ ഈ ലോകത്തിൽ തന്നെ നിങ്ങൾ തക്ക ശിക്ഷ അനുഭവിക്കേണ്ടി വരും
29. എളിയഭാവം കാണിക്കുന്നവനാണ് മനുഷ്യരിൽ ഏറ്റവും ഉന്നതൻ
30. നിങ്ങൾ ദൈവത്തിന്റെ സ്വന്തമാകയാൽ ദൈവത്തിന് തിരിച്ചേൽപ്പിക്കപ്പെടേണ്ടവരാണ്.

## വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്
### (ഒറ്റനോട്ടത്തിൽ)

- ജനനം (കൈനകരിയിൽ)
  ഫെബ്രുവരി 10, 1805
- പൗരോഹിത്യസ്വീകരണം (അർത്തുങ്കൽ പള്ളി)
  നവംബർ 29, 1829
- മരണം (കൂനമ്മാവിൽ)
  ജനുവരി 3, 1871
- കബറടക്കം (കൂനമ്മാവിൽ)
  ജനുവരി 4, 1871
- ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തേക്ക് മാറ്റി സ്ഥാപിച്ചു
  മെയ് 24, 1889
- കബറിടത്തിൽ മാർബിൾ ശില സ്ഥാപിച്ചു
  ജൂലൈ 1929
- വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തി ഫെബ്രുവരി 8, 1986
  (പോപ്പ് ജോൺ പോൾ II കോട്ടയത്ത്)
- തപാൽസ്റ്റാമ്പ് പുറപ്പെടുവിച്ചു
  ഡിസംബർ 20, 1987

# വിശിഷ്ട സേവനങ്ങൾ

- ഫാ. തോമസ് പാലയ്ക്കൽ, ഫാ. തോമസ് പോരൂക്കര എന്നിവരുമൊത്ത് ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസ സഭ (സി.എം.ഐ.) സ്ഥാപിച്ചു - 1831
- ഭാരതത്തിലെ ആദ്യത്തെ സീറോ - മലബാർ സെമിനാരി മാന്നാനത്ത് സ്ഥാപിച്ചു. - 1833
- കേരളസഭയിൽ ആദ്യമായി ഞായറാഴ്ച പ്രസംഗങ്ങളും വൈദികർക്കും അൽമായർക്കുമായുള്ള ധ്യാനങ്ങളും ആരംഭിച്ചു.- 1840
- കേരളത്തിൽ കുരിശിന്റെ വഴി ആദ്യമായി പ്രചരിപ്പിച്ചു - 1840
- കേരളത്തിൽ ദിവ്യകാരുണ്യഭക്തി ആദ്യമായി പ്രചരിപ്പിച്ചു. - 1843
- കേരളകത്തോലിക്കാസഭയിലെ ആദ്യ സ്കൂൾ (സംസ്കൃതകളരി) മാന്നാനത്ത് സ്ഥാപിച്ചു - 1846
- കേരളകത്തോലിക്കാസഭയിലെ ആദ്യ പ്രസ് വാഴപ്പിണ്ടിയിൽ മാതൃക ഉണ്ടാക്കി മരംകൊണ്ട് നിർമ്മിച്ച് മാന്നാനത്ത് സ്ഥാപിച്ചു - 1846
- സുവിശേഷ പ്രചാരണത്തിനായി സീറോ - മലബാർ സഭയിലെ ആദ്യമതപഠനശാല മാന്നാനത്ത് സ്ഥാപിച്ചു. -1853
- കേരള സുറിയാനി കത്തോലിക്കസഭയുടെ പ്രഥമ വികാരി ജനറൽ ആയി നിയമിതനായി -1861
- റോക്കോസ് ശീശ്മയിൽ നിന്ന് കത്തോലിക്കസഭയെ രക്ഷിച്ചു - 1861
- മലയാള ഭാഷയിലെ ആദ്യഖണ്ഡകാവ്യമായ അനസ്താസ്യായുടെ രക്തസാക്ഷ്യം രചിച്ചു.- 1862
- ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടം എന്ന കല്പന പുറപ്പെടുവിച്ച് വിദ്യാഭ്യാസം നിർബന്ധമാക്കി - 1864
- ചാവറപിതാവും ഫാ. ലെയോപ്പോൾദ് മിഷനറിയും ചേർന്ന് സീറോ - മലബാർ സഭയിലെ ആദ്യ സന്യാസിനി സഭ (സി.എം.സി) കൂനമ്മാവിൽ സ്ഥാപിച്ചു- 1866
- വിശുദ്ധ കുർബാന എഴുന്നെള്ളിച്ചുവച്ചുള്ള 40 മണി ആരാധന കേരള സഭയിൽ ആദ്യമായി ആരംഭിച്ചു. - 1866

- ❖ ഒരു നല്ല അപ്പന്റെ ചാവരുൾ (കുടുംബചട്ടങ്ങൾ) എഴുതി പ്രചരിപ്പിച്ചു - 1868
- ❖ ആത്മാനുതാപം എന്ന കവിതാസമാഹാരം (പദ്യകൃതി) എഴുതി - 1869
- ❖ ധ്യാനസല്ലാപങ്ങൾ, ജ്ഞാനപീയൂഷം, മരണവീട്ടിൽ പാടുന്നതിനുള്ളപാന, നാളാഗമങ്ങൾ എന്നീ ഗ്രന്ഥങ്ങൾ എഴുതി
- ❖ കേരളത്തിൽ ആദ്യമായി ഉപവിശാല കൈനകരിയിൽ സ്ഥാപിച്ചു - 1869
- ❖ ഫാ. ലെയോപ്പോൾദ് ബെക്കാറോ OCD കേരള കർമ്മെലീത്താ സഭയിലുള്ള സ്ഥാനത്തുനിന്ന് പിരിഞ്ഞു - 1873 മെയ്
- ❖ ഫാ. ലൊയോപ്പോൾദ് ബെക്കാറോ OCD കേരളത്തിൽ നിന്ന് ഇറ്റലിയിലേക്ക് തിരികെ പോയി - 1876 ജനുവരി
- ❖ ചാവറയച്ചൻ മാന്നാനം കുന്നിൽ താമസം ആരംഭിച്ചു - 1831
- ❖ ഇതിന്റെ ഓർമ്മയായി സെന്റിനറി ഗേറ്റ് സ്ഥാപിച്ചത് - 1931
- ❖ ചാവറപിതാവ് സന്യാസവ്രതംചെയ്ത പ്രഥമഭാരതീയൻ - 1855
- ❖ ചാവറപിതാവും 10 ഇടവക അച്ചന്മാരും ചെയ്ത സന്യാസവ്രതത്തിന്റെ സുവർണ്ണ ജൂബിലി കപ്പേള സ്ഥാപിച്ചു - 1905

## ചാവറപിതാവ് സ്ഥാപിച്ച ആശ്രമങ്ങൾ:

- ◆ സെന്റ് ജോസഫ്സ് ആശ്രമം, മാന്നാനം - 1831
- ◆ സെന്റ് ഫിലോമിനാസ് ആശ്രമം, കൂനമ്മാവ് - 1857
- ◆ സെന്റ് മേരീസ് ആശ്രമം, ഏൽത്തുരുത്ത് - 1858
- ◆ കാർമ്മെൽ ആശ്രമം, വാഴക്കുളം - 1859
- ◆ സെന്റ് സെബാസ്റ്റ്യൻസ് ആശ്രമം, പുളിങ്കുന്ന് - 1861
- ◆ സെന്റ് തെരേസാസ് ആശ്രമം, അമ്പഴക്കാട് - 1868
- ◆ സെന്റ് ജോൺ ഓഫ് ദി ക്രോസ് ആശ്രമം, മുത്തോലി - 1870
- ◆ മാന്നാനം കുന്നിൽ കൊവേന്തയ്ക്ക് കല്ലിട്ട് പണിയാരംഭിച്ചത് - 1831 മെയ് 11

# ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ

## 1. നാളാഗമങ്ങൾ - വാല്യം - I

സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച, 19-ാം നൂറ്റാണ്ടിലെ പദ്രോവാദോ, പ്രൊപ്പഗാന്താ സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും പാലയ്ക്കൽ തോമാമല്പാന്റെ ജീവചരിത്രം (മലയാളിയെകുറിച്ച് മലയാളി എഴുതിയ ആദ്യ ജീവചരിത്രം) കേരളസഭയിലെ പഴയ ചരിത്രങ്ങളും മറ്റു പല സംഭവങ്ങളും

## 2. സാഹിത്യകൃതികൾ - വാല്യം - II

ആത്മാനുതാപം

മരണവീട്ടിൽ പാടുന്നതിനുള്ള പാന

അനസ്താസ്യായുടെ രക്തസാക്ഷ്യം

(മലയാള ഭാഷയിലെ ആദ്യ ഖണ്ഡകാവ്യം)

## 3. ആദ്ധ്യാത്മികകൃതികൾ - വാല്യം - III

ധ്യാനസല്ലാപങ്ങൾ

ദൈവവിളിയിന്മേൽ ധ്യാനം

ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം

ചാവുദോഷത്തിന്മേൽ ധ്യാനം

രണ്ടച്ചന്മാരുടെ വെല എന്നതിന്മേൽ ധ്യാനം

ഭക്തിയില്ലാത്ത വൈദികന്റെ മരണം

ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർത്ഥനകൾ

നാല്പതുമണി ആരാധന (കർമ്മങ്ങൾ)

## 4. കത്തുകൾ വാല്യം IV

മാർപാപ്പായ്ക്കെഴുതിയ കത്തുകൾ - 2

പ്രൊപ്പഗാന്ത തിരുസംഘത്തിന് എഴുതിയ കത്തുകൾ - 7

മെത്രാന്മാർക്കുള്ള കത്തുകൾ - 10

റോമിലെ കർമ്മെലീത്താ സഭാധികാരികൾക്ക് എഴുതിയ കത്തുകൾ - 2

സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾക്കെഴുതിയ കത്തുകളും സർക്കുലറുകളും- 32

ഇടവക വൈദികർക്കുള്ള കത്തുകൾ - 4

പൊതു സർക്കുലറുകൾ - 7

വ്യവഹാരസംബന്ധമായ കത്തുകൾ - 3

## 4. ഏകീകരിച്ച് പ്രാബല്യത്തിൽ വരുത്തിയവ

തൂക്കാസ - തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ

ലിറ്റർജിക്കൽ കലണ്ടർ

മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്


വൈദികർക്കുള്ള കാനോന നമസ്ക്കാരം

## 6. പ്രഹസനങ്ങൾ


എക്ളോഗുകൾ (പ്രചോദനം മിഷനറിമാരിൽ നിന്ന്)



ചാവറയച്ചൻ ജനിച്ച വീട്, ആലപ്പുഴ, കൈനകരി
1805 ഫെബ്രുവരി 10




ചാവറപിതാവിനെ മാമ്മോദീസാ മുക്കിയ
ചേന്നങ്കരിപള്ളിയിലെ മാമ്മോദീസാതൊട്ടി




1805 സെപ്റ്റംബർ 8ന് ചാവറയച്ചനെ
മാതാവിന് അടിമവച്ച വെച്ചൂർപള്ളി



ചാവറയച്ചൻ 1829 നവംബർ 29ന് പൗരോഹിത്യം സ്വീകരിച്ച പുരാതന അർത്തുങ്കൽ പള്ളി




ചാവറയച്ചൻ സെമിനാരിയിൽ പഠിച്ച പള്ളിപ്പുറം പള്ളിമേട



മാന്നാനത്ത് സന്യാസ ആശ്രമത്തിന് കല്ലിടുന്നു (1831)




1866 ൽ ആരംഭിച്ച സന്യാസിനി മഠമായ പനമ്പുമഠത്തിന്റെ സമീപം
സിസ്റ്റേഴ്സും ചാവറപിതാവും ലെയോപ്പോൾദ് മിഷനറിയും കൂനമ്മാവിൽ




ചാവറപിതാവ് 1846 – ൽ വാഴപ്പിണ്ടിയിൽ
രൂപകല്പന ചെയ്ത് മരത്തിൽ ഉണ്ടാക്കിയ പ്രസ്സ്



ചാവറയച്ചന്റെ മരണംവരെ
സ്വന്തം മുറിയിൽ കാത്തുസൂക്ഷിച്ചിരുന്ന
ഫ്രാൻസിൽ അച്ചടിച്ച തിരുക്കുടുംബചിത്രം




1855 ഡിസംബർ 8 ന് വ്രതം ചെയ്ത ഭാരതത്തിലെ പ്രഥമ സന്യാസിയായ ചാവറപിതാവിന്റെ മുമ്പിൽ 10 ഇടവക വൈദികർ വ്രതം ചെയ്യുന്നു.



ചാവറയച്ചൻ വ്രതം ചെയ്തപ്പോൾ
സ്വീകരിച്ച കുരിശ് മാന്നാനത്ത്
സൂക്ഷിച്ചിരിക്കുന്നു




1867 മെയ് 27ന് ഭാരതത്തിലെ പ്രഥമ സന്യാസിനി സഭാംഗങ്ങൾ ആദ്യമായി വ്രതം ചെയ്യുന്നു.




യാത്രയ്ക്കായി ചാവറപിതാവ് ഉപയോഗിച്ചിരുന്ന വില്ലുവണ്ടി (മാന്നാനത്ത്)



കായൽ പ്രദേശങ്ങളിലൂടെ ചാവറപിതാവ് യാത്രയ്ക്കായി
ഉപയോഗിച്ചിരുന്ന വള്ളം മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നത്



ചാവറപിതാവ് ഉപയോഗിച്ചിരുന്ന കസേര മാന്നാനത്ത്
ചാവറപിതാവിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നത്




ചാവറയച്ചൻ കൈനകരിയിൽ 1869 – ൽ സ്ഥാപിച്ച അഗതിമന്ദിരം

## സി. എം. ഐ. സ്ഥാപകപിതാക്കന്മാർ











| ഫാ. തോമസ് പാലയ്ക്കൽ | ഫാ. തോമസ് പോരൂക്കര | ഫാ. കുര്യാക്കോസ് ചാവറ | ബ്ര. ജേക്കബ് കണിയാന്തറ |
|---|---|---|---|




മാന്നാനത്ത് ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃതകളരി

# ചാവറയച്ചന്റെ കാലത്തു തുടങ്ങിയ സ്ഥാപനങ്ങൾ




1. മാന്നാനം – സെന്റ് ജോസഫ് ആശ്രമം




2. കൂനമ്മാവ് – സെന്റ് ഫിലോമിനാസ് ആശ്രമം




3. എൽത്തുരുത്ത് – സെന്റ് മേരീസ് ആശ്രമം




4. വാഴക്കുളം – കാർമ്മൽ ആശ്രമം




5. പുളിങ്കുന്ന് – സെൻ്റ് സെബാസ്റ്റ്യൻ ആശ്രമം




6. കൂനമ്മാവ് – സെൻ്റ് തെരേസാ മഠം (CMC)



7. അമ്പഴക്കാട് – സെന്റ് തെരേസാ ആശ്രമം





8. മുത്തോലി – സെന്റ് ജോൺ ഓഫ് ദി ക്രോസ് ആശ്രമം





1987 ൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സ്റ്റാമ്പ് ഇൻഡ്യാ ഗവൺമെന്റ് പ്രസിദ്ധീകരിച്ചത്

1829 മുതൽ ചാവറയച്ചൻ എഴുതിയ മാന്നാനത്തെ നാളാഗമത്തിന്റെ പ്രഥമ പേജ്






ചാവറയച്ചന്റെ പൂജ്യമായ തലമുടി മുട്ടത്തുപാടത്ത് വർക്കിയച്ചൻ സൂക്ഷിച്ചിരുന്നത് മാന്നാനത്ത് അരുളിയ്ക്കയിൽ സൂക്ഷിച്ചിരിക്കുന്നു



കൂനമ്മാവിൽ ചാവറയച്ചൻ താമസിച്ച് 1871 ജനുവരി 3-ന് മരണമടഞ്ഞ മുറി



മാന്നാനത്ത് ചാവറപിതാവിന്റെ പൂജ്യകബറിടം

## വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ അമൂല്യമായ അന്ത്യസന്ദേശങ്ങൾ

1. "പരസ്പരം സ്നേഹിക്കുവിൻ"
2. വഴക്കുകൾ തീർക്കുന്നതിന് നിവൃത്തിയുണ്ടെങ്കിൽ സർക്കാരിൽ പോകാതിരിക്കയാണ് നന്ന്.
3. ഞായറാഴ്ചയും തിരുനാൾദിവസങ്ങളും സുഖാനുഭൂതിക്കായി നീക്കിവയ്ക്കാതെ ആ ദിവസങ്ങളിൽ ദൈവത്തോടുകൂടെ ആശ്വസിക്കുക.
4. ഉത്തരിപ്പുകടം ഉണ്ടാകാതെ സൂക്ഷിക്കുക, ഉള്ളതു ഉടനെ വീട്ടുക.
5. ദ്രവ്യമുള്ളവനെന്ന ഭാവം വർജ്ജിക്കുകയാണ് ബുദ്ധിപൂർവ്വം.
6. സജ്ജനങ്ങളുമായി മാത്രം സംസർഗ്ഗം ചെയ്യുക. ദൈവഭക്തി ഇല്ലാത്തവരോട് ബന്ധുത്വം അരുത്.
7. നിന്റെ വീട്ടിൽ പരദൂഷണത്തിന്റെ ഒരു വാക്കുപോലും കേൾക്കാൻ ഇടയാക്കരുത്.
8. ഉള്ളതുകൊണ്ട് സംതൃപ്തനാകുക. അതു ന്യായമായ അദ്ധ്വാനംകൊണ്ട് വർദ്ധിപ്പിക്കുക. അന്യനെ വഞ്ചിച്ച് ധനികനാകുന്നവൻ ദുർഭഗനാണ്.
9. അപരനു നന്മ ചെയ്യാത്തദിവസം നീ അത്താഴമുണ്ണരുത്.
10. ലുബ്ധന്റെ പണത്തിന് പുഴുക്കുത്ത് പിടിക്കും.
11. സാക്ഷാൽ സ്നേഹിതൻ ആയിരത്തിലൊന്നുമാത്രം.
12. കട്ട വസ്തു കത്തിപ്പോകുമേ.
13. വേലക്കാർക്കു ന്യായമായ കൂലി നല്കുക.
14. ഇരിപ്പിലും, നടപ്പിലും, കിടപ്പിലും അടക്കം പാലിക്കുക.
15. ക്ഷമയ്ക്ക് അറുതി കല്പിക്കരുത്. അതിന്റെ പ്രമാണം എന്നും എവിടെയും ഏവരോടും എന്നാണ്.
16. നല്ല പുസ്തകങ്ങൾ ധാരാളംവായിക്കുക. ചീത്തപുസ്തകങ്ങൾ സൂക്ഷിക്കുന്നവൻ വൈയ്ക്കോലിൽ തീ സൂക്ഷിക്കുകയാണ്.
17. ദൈവഭയമുള്ളവരെ മാത്രമേ വീട്ടുജോലിക്കായി എടുക്കാവൂ. അവരുടെ എണ്ണം ചുരുങ്ങിയിരിക്കണം. അവരുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ പ്രത്യേകശ്രദ്ധവേണം.
18. ദൈവം നല്കിയ മക്കളെ വിശുദ്ധരായി ദൈവത്തിന് ഏല്പിക്കാത്ത മാതാപിതാക്കന്മാർക്കുവിധി ദിവസം ഭയാനകമായിരിക്കും. അതിനാൽ മക്കൾ ദിവസം തോറും ദൈവപ്രമാണത്തിൽ വളർന്നുവരുവാൻഎല്ലാവിധ മുൻകരുതലുകളുംചെയ്യുക
19. ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രെ. നിരസ്സങ്ങളെക്കുറിച്ച് പകരം വീഴ്ചചെയ്യുവാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവയ്ക്കാതെ വെറുക്കുന്നത് മഹാശക്തിയും വിവേകവുമാണ്.



Fr. Vice Postulator
Cause of Bl. Kuriakose Elias Chavara
St. Joseph's Monastery, Chavara Office
P.B. No.3, Mannanam P.O.- 686 561
Kottayam (Dt.), Kerala, S.INDIA
Ph: 0481 – 2598150
website: www.blessedchavara.org
e-mail: vicepostulator@blessedchavara.org